
ജൂലൈ 2021
വാല്യം 1 ലക്കം 1

# VOX SANT' ANDREA

(വി.അന്ത്രയോസിന്റെ ശബ്ദം)



Parish Bulletin Magazine St. Andrews Basilica, Arthunkal




# Vox Sant' Andrea

(വി.അന്ത്രയോസിന്റെ ശബ്ദം)



## എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**

ഫാ. സ്റ്റീഫൻ ജെ പുന്നക്കൽ

**ചീഫ് എഡിറ്റർ**

ഫാ. സൈറസ് തോമസ് കാട്ടുങ്കൽതയ്യിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**

ലിസ്സി ജോസ്‌ലിൻ

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

ദാസ് വാലയിൽ

അലോഷ്യസ് ജോസഫ് അരേശ്ശേരിൽ

സെബാസ്റ്റ്യൻ കെ. ഡബ്ല്യൂ.

സൂസി കെ. ബി.

സീന പി. ജെ.

**എഡിറ്റോറിയൽ കോപ്പറേറ്റേഴ്സ്**

ജോസി സ്റ്റീഫൻ

ആന്റണി അമാർ

ജോയ് സി. ഡി.

അശ്വിൻ ജി. പ്രകാശ്

ഷാന്റി എ. ജെ.

സെബാസ്റ്റ്യൻ കെ. പി.

അനറ്റ് സെബാസ്റ്റ്യൻ

സൺഫിയമോൾ കെ. എസ്.

ജെസ്‌വിൻ വിനോദ്

**ലേ ഔട്ട് & ഡിസൈൻ**

നെവിൽ ആന്റണി മാരാരിക്കുളം




# ഉള്ളടക്കം




**8** — **നമുക്ക് പാറമേൽ പണിതുയർത്തിടാം**
*മോൺ. ജോയ് പുത്തൻവീട്ടിൽ*



**12** — **വിശുദ്ധ കൊച്ചുത്രേസ്യ**
*മേരി ഹെലൻ വാലയിൽ*



**14** — **മായാതെ ഇന്നും...**
*സെബാസ്റ്റ്യൻ ചിന്നപ്പൻ തയ്യിൽ*



**15** — **ഫാ. സ്റ്റാൻ സാമി എസ്. ജെ.**
*ഫാ. ഇ. ജെ തോവസ് എസ്സ്. ജെ*
*സേക്രഡ് ഹാർട്ട് സെമിനാരി*



**20** — **അഞ്ചൂറ്റിക്കാരും വിദ്യാഭ്യാസ പുരോഗതിയും**
*ഡോ. ജോൺ തോമസ് കുരിശിങ്കൽ*



**27** — **വി.യോവാക്കിമും വി. അന്നയും**
*സി. ജോയിസ് പീറ്റർ*



**29** — **അപ്പമായി മാറിയവന് അപ്പനായിത്തീർന്നവൻ**
*മേരി ഹെലൻ വാലയിൽ*




**31** — **റോബിൻസൺ ക്രൂസോ...**
*സ്നേഹ.കെ.എഫ്, കുരിശുങ്കൽ*




**34** — **മാസയോഗ ബുള്ളറ്റിൻ, ടൈംടേബിൾ**



നമ്മുടെ അതി പുരാതനവും ചരിത്ര പ്രാധാന്യവുമുള്ള അർത്തുങ്കൽ ബസിലിക്കായുടെയും ഇടവകയുടെയും ദൈവ ജനത്തെ ഒരുമിച്ചുകൂട്ടാനും ഇടവകയെ സംബന്ധിക്കുന്ന വാർത്തകൾ ഇടവകാംഗങ്ങൾക്കും മറ്റുള്ളവർക്കും എത്തിക്കുവാനുമായി Vox Sant' Andrea എന്ന പേരിൽ ഒരിടവക മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ തികഞ്ഞ സന്തോഷമുണ്ട്. ബസിലിക്ക റെക്ടർ ബഹുമാനപ്പെട്ട സ്റ്റീഫൻ പുന്നയ്ക്കലച്ചനെയും സഹവികാരിമാരെയും പള്ളിക്കമ്മറ്റി അംഗങ്ങളെയും ഇതിന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെയും സ്നേഹപൂർവ്വം അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഇടവകയുടെ ജിഹ്വ എന്ന നിലയിൽ ഇടവകയുടെ തിരുക്കർമ്മങ്ങൾ വിദ്യാഭ്യാസ, സാമൂഹ്യ ശുശ്രൂഷകൾ, മറ്റിടവക ജനത്തിനുപകാരപ്രദമാകുന്ന പൊതുവാർത്തകൾ, ഭാവിപരിപാടികൾ അതുപോലെ തന്നെ ഇടവകയുടെ സമൂഹത്തിന്റെ പ്രത്യേകമായ ആഘോഷ അറിയിപ്പുകൾ, ഇങ്ങനെയൊക്കെ നിരവധി കാര്യങ്ങളിലൂടെ ഇടവകാംഗങ്ങളെ കണ്ണികോർക്കുവാനായിട്ട് Vox Sant' Andrea യ്ക്ക് കഴിയും. ദൈവ വചനം കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്ന വിധത്തിലുള്ള വിചിന്തനങ്ങൾ നമ്മൾ പൗരന്മാരെന്ന നിലയിൽ നിർവ്വഹിക്കേണ്ട കാത്തുസൂക്ഷിക്കേണ്ട കടപ്പാടുകൾ, അതുപോലെതന്നെ നമ്മുടെ പുരാതന ചരിത്ര ശേഖരത്തിൽ നിന്നുള്ള മധുരതരവും ഉത്തരവാദിത്വം നിറഞ്ഞതുമായ ഓർമ്മപ്പെടുത്തലുകൾ, ഇങ്ങനെയൊക്കെ എത്രയെത്രയൊ രീതികളിലൂടെ ഈ Vox Sant' Andrea എന്നും നമ്മുക്ക് ഉപകാര പ്രദമായ ഒരു വിരുന്ന് തയ്യാറാക്കുവാൻ സാധിക്കും. നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രർത്ഥിക്കുന്നു. എല്ലാവർക്കും ഒരിക്കൽകൂടി ഹൃദയം നിറഞ്ഞ മംഗളങ്ങളും ഈ തുടക്ക പ്രതി എല്ലാവരിലും എത്തിച്ചേരുകയും മുടങ്ങാതെ ഇത് പ്രസിദ്ധീകരിക്കുകയും അർത്തുങ്കൽ ബസിലിക്കയുടെയും ചരിത്രത്തിന്റെയും നവാഗമത്തിൽ ഇതിന്റെ പ്രസിദ്ധീകരണം വലിയൊരു സ്ഥാനം ഉറപ്പിക്കുകയും ചെയ്യട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

റൈറ്റ്. റവ.ഡോ ജെയിംസ് റാഫേൽ
ആനാപറമ്പിൽ
*(രൂപതാദ്ധ്യക്ഷൻ)*



യേശു താൻ വളർന്ന സ്ഥലമായ നസറത്തിൽ വന്നു. പതിവുപോലെ ഒരു സാബത്തു ദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റു നിന്നു . (ലൂക്ക 4:16).വചനം വായിക്കുന്ന യേശുവിനെ ഇവിടെ കണ്ടുമുട്ടാം.വി.തോമസ് അക്വിനാസിനെക്കുറിച്ച് പറയുന്നത് ശൈശവം മുതൽക്കേ പുസ്തകങ്ങളായിരുന്നു കൊച്ചുതോമസിന്റെ ഉറ്റ സ്നേഹിതർ എന്നാണ്. കരച്ചിൽ നിർത്താൻ ഒരു പുസ്തകം കൈയിൽ കൊടുത്താൽ മതി, കരച്ചിൽ അവസാനിപ്പിച്ച് അവൻ അതിന്റെ താളുകൾ മറിച്ചു നോക്കി സന്തോഷിക്കുമായിരുന്നത്രെ. ഞാൻ ഇവിടെ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എഴുത്തിന്റെയും വായനയുടെയും പ്രാധാന്യം തന്നെയാണ്.

നെപ്പോളിയൻ ബോണപ്പാർട്ട് പറഞ്ഞുവയ്ക്കുന്നുണ്ട്; സാമ്രാജ്യാധിപനല്ലായിരുന്നെങ്കിൽ ഒരു ഗ്രന്ഥശാല സൂക്ഷിപ്പുകാരനായിരിക്കുന്നതാണ് എനിക്കിഷ്ടം. നമുക്കൊക്കെ സുപരിചിതമാണല്ലോ കുഞ്ഞുണ്ണിമാഷിന്റെ വരികൾ, വായിച്ചാൽ വിളയും വായിച്ചില്ലേൽ വളയും. നമ്മുടെ ഇടവകയിൽനിന്നും ഒരു ബുള്ളറ്റിൻ മാഗസിൻ പ്രസിദ്ധീകരണം ആരംഭിക്കുമ്പോൾ എഴുത്തിന്റെയും വായനയുടെയും സാധ്യത അത് നമുക്കുവേണ്ടി തുറക്കും എന്നതിൽ സംശയമില്ല. ഒരു സമൂഹത്തിന്റെ പുരോഗതിയുടെ വലിയ അടയാളങ്ങൾ തന്നെയാണ് വായനയുടെയും നല്ല ആശയങ്ങളുടെയും വീക്ഷണങ്ങളുടെയും എഴുത്തിന്റെയും ചക്രവാളങ്ങൾ വികസിക്കുന്നുവെന്നത്. ഈയൊരു ബുള്ളറ്റിൻ മാഗസിൻ അതിനുള്ള ഒരു സാധ്യത നമുക്കായി തുറക്കട്ടെ.

യേശുവിൽ തുടങ്ങി യേശുവിൽതന്നെ അവസാനിപ്പിക്കുകയാണ്. യേശു താൻ വായിച്ച ദൈവവചനം ജീവിതത്തിൽ പൂർത്തിയാക്കി. എഴുത്തും വായനയുമൊക്കെ ജീവിതത്തിൽ പരിവർത്തനം സൃഷ്ടിക്കേണ്ടതാണ്. വിവിധങ്ങളായ വിഷയങ്ങൾ വരും ദിവസങ്ങളിൽ ഈ അക്ഷരത്താളുകളിലൂടെ നിങ്ങളിലേയ്ക്കെത്തുമ്പോൾ എഴുത്തും വായനയും വളരട്ടെ, ജീവിതത്തിൽ അത് പരിവർത്തനത്തിന് കാരണമാവട്ടെ.

ഫാ. സ്റ്റീഫൻ ജെ പുന്നക്കൽ,
*(റക്ടർ & വികാരി)*



യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും (മത്തായി 28:20) എന്ന വചനമാണ് ഫ്രാൻസിസ് പാപ്പ ആഗോള കത്തോലിക്കാ സഭയിൽ മുത്തച്ഛന്മാരുടെയും മുത്തശ്ശിമാരുടെയും മുതിർന്നവരുടെയും ദിനം ഇനിയുള്ള എല്ലാ വർഷങ്ങളിലും ജൂലൈ മാസത്തിലെ നാലാമത്തെ ഞായറാഴ്ചയിൽ ആചരിക്കുവാനായി സ്ഥാപിക്കുമ്പോൾ അടിസ്ഥാന വചനമായി എടുക്കുന്നത്. ഫ്രാൻസിസ് പാപ്പ തന്നെ പറയുന്നത് ഇപ്രകാരമാണ് – 'സഭമുഴുവനും നിങ്ങളോട് കൂടെയുണ്ട്, നിങ്ങളെ കരുതുന്നു, സ്നേഹിക്കുന്നു, നിങ്ങളെ ഏകരായിവിടില്ല. 'സഭയുടെ പാരമ്പര്യത്തിൽ നിന്നും കടംകൊണ്ട് പാപ്പാ തുടർന്ന് പറയുന്നു. ഈശോയുടെ മുത്തച്ഛനായ വി.ജൊവാക്കിമിന് മറ്റുള്ളവരിൽ നിന്നും അകറ്റപെടുന്നു താനെന്ന് തോന്നിയിരുന്നു. കാരണം അദ്ദേഹത്തിന് കുഞ്ഞുങ്ങൾ ഇല്ലായിരുന്നു. തന്റെ ഭാര്യ അന്നയെപോലെ ജീവിതം ഉപയോഗശൂന്യമായി പോയി എന്ന് അദ്ദേഹം വിചാരിച്ചു. ആ നിമിഷം അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ ദൈവം ദൂതനെ അയച്ച്. പട്ടണ കവാടത്തിന് വെളിയിൽ ദു:ഖിതനായി ആലോചിച്ച് നടക്കുമ്പോൾ കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ടിട്ട് അദ്ദേഹത്തോട് പറഞ്ഞു ജൊവാക്കിം ജൊവാക്കിം' നിന്റെ ഇടവിടാതെയുള്ള പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. എത്ര വലിയ അനുഗ്രഹമാണ് ദൈവം നൽകുന്നത്– മകളായി പരിശുദ്ധ അമ്മയും, പേരക്കുട്ടിയായി ഈശോമിശിഹായും. ഇതിനുവേണ്ടിയായിരുന്നല്ലേ ഞങ്ങളെ കാത്തിരുത്തിയതെന്ന് വി. ജൊവാക്കിമും വി. അന്നയും സ്വർഗ്ഗത്തെ നോക്കി ചോദിച്ചു കാണും.

നമ്മുടെ കുടുംബങ്ങളിലെ മുതിർന്ന മാതാപിതാക്കൾ വലിയ സമ്പത്താണ്, അത് സംരക്ഷിക്കണം, വിലമതികണം. സങ്കടത്തോടെ ഒരു കാര്യം സൂചിപ്പിച്ചുകൊള്ളട്ടെ.2016 – 17 മുതൽ കേരളത്തിൽ ഓരോ മാസവും Social Juslice Department ന് 5 തൊട്ട് 6 വരെ ആപ്ലിക്കേഷൻസ് പുതിയ വൃദ്ധ ഭവനം ആരംഭിക്കുവാനായിട്ട് കിട്ടുന്നുവെന്ന് Times of India റിപ്പോർട്ട് ചെയ്യുന്നു. മലയാള മനോരമ റിപ്പോർട്ട് ചെയ്ത മറ്റൊരു കാര്യം ആശ്ചര്യപ്പെടുത്തുന്നു.




വൃദ്ധസദനങ്ങളിൽ കഴിയുന്ന ഭൂരിഭാഗം മാതാപിതാക്കൾക്കും രണ്ടും അതിൽ കൂടുതലും മക്കളുള്ളവരാണത്രെ. മാതൃഭൂമി പ്രസിദ്ധപ്പെടുത്തിയത് സത്യമാണ്, പക്ഷേ ആവല്ലേയെന്ന് പ്രാർത്ഥിക്കുന്നു : സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിലെ മാതാപിതാക്കളാണ് അധികവും വൃദ്ധ മന്ദിരത്തിൽ. ഇവർക്ക് മക്കൾ 6 മുതൽ 7 വരെയുണ്ട്. ഈ വാർത്തകൾ കേരളത്തിന്റെ അത്ര നല്ലമുഖമല്ല വരച്ചുകാട്ടുന്നത്. അമ്മയെ തിന്നും അമ്മയെക്കുടിച്ചും, അപ്പന്റെ വിയർപ്പിന്റെ ബലത്തിലുമല്ലേ നമ്മൾ വളർന്നത്. കേവലം സ്വാർത്ഥതയുടെയും, സമയനഷ്ടത്തിന്റെയും, സമ്പത്തിന്റെയും, ശുശ്രൂഷിക്കുവാനുള്ള ബുദ്ധിമുട്ടിന്റെയും ബാലിശമായ കാര്യങ്ങൾ പറഞ്ഞ് അവരെ വിക്ഷമിപ്പിക്കാതിരിക്കുക. ഒരിക്കൽ അവരങ്ങനെ ചിന്തിച്ചിരുന്നേൽ നമ്മളാരും ഉണ്ടാകുമായിരുന്നില്ല. എല്ലാ മുതിർന്ന മാതാപിതാക്കൾക്കും ഒരായിരം പ്രണാമങ്ങൾ.

## സൃഷ്ടികൾ



നോയൽ

മോൺ. ജോയ് പുത്തൻവീട്ടിൽ



# നമുക്ക് പാറമേൽ പണിതുയർത്തീടാം

ആമുഖം

സാഹിത്യ, സാംസ്കാരിക മേഖലയിൽ വ്യക്തമായ സംഭാവനകൾ നൽകിയിട്ടുള്ള സുകുമാർ അഴീക്കോട് സർ ഏതാനും വർഷങ്ങൾക്കു മുമ്പ് ഇങ്ങനെ പറഞ്ഞു: ധ്രുവങ്ങൾതമ്മിൽ അടുത്തു. എന്നാൽ ഇന്നത്തെ ഭവനങ്ങൾ ധ്രുവങ്ങളോളം അകന്നുകഴിഞ്ഞു എന്ന്. എന്നാൽ ഇന്ന് അൽപംകൂടി വ്യത്യാസപ്പെടുത്തി ഇപപ്രകാരം പറയേണ്ടിയിരിക്കുന്നു: ഗ്രഹങ്ങൾ തമ്മിൽ അടുത്തു പക്ഷെ, നമ്മുടെ ഗൃഹങ്ങൾ (ഭവനങ്ങൾ) ഇന്ന് ഗ്രഹങ്ങളോളം പരസ്പരം അകന്നുകഴിഞ്ഞു എന്ന്. കോവിഡ് മഹാമാരി കൊണ്ടുവന്ന ഒരു അനുഗ്രഹമായി പലരും പറയുന്നത്,ഭവനങ്ങളിൽ എല്ലാവർക്കും ഒരുമിച്ചിരിക്കാനും ബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കാനും കഴിയുന്നുണ്ട് എന്നാണ്. അത് ഒരുപരിധിവരെ ശരിയാണ്. എന്നാൽ, ഇതിനൊരു മറുവശമുണ്ട്: മൊബൈൽ ഫോണും ഇതര മാധ്യമങ്ങളും ചേർന്ന് ഒരേ ഭവനത്തിലെ ഓരോരുത്തരെയും അവനവന്റെ ലോകത്തിലേയ്ക്ക് ചുരുക്കി സ്വന്തം വീട്ടിലുള്ളവരെയും അടുത്തിരിക്കുന്നവരെയും തങ്ങളുടെ ലോകത്തിനു വെളിയിലാക്കുന്ന മായാലോകം ഇതിനകം സൃഷ്ടിക്കാൻ ഒരു വലിയപരിധിവരെ

വിജയിച്ചുകഴിഞ്ഞു. ഇവിടെയാണ് മനുഷ്യകുടുംബങ്ങളെ രൂപീകരിക്കാൻ തിരുമനസ്സായ സ്രഷ്ടാവിന്റെയും കുടുംബകൂട്ടായ്മകളായി ജീവിക്കാൻ ജീവൻ ഹോമിച്ച രക്ഷകനീശോയുടെയും മനസ്സ് വായിച്ചെടുത്ത് കുടുംബങ്ങളെയും കുടുംബ കൂട്ടായ്മകളെയും ആദിചൈതന്യത്തിലേയ്ക്ക് തിരിച്ചുപിടിക്കേണ്ടത്.

പത്രോസാകുന്ന പാറമേൽ തന്റെ സഭ സ്ഥാപിച്ച (മത്താ 16:13 – 19; യോഹ 21: 15 – 17) കർത്താവ് പാറപ്പുറത്ത് ഭവനം പണിത വിവേകിയായ മനുഷ്യനെയും (ലൂക്കാ 6:46 – 47) അവതരിപ്പിക്കുന്നുണ്ട്. ഇവിടെയാണ് സഭയും ഭവനവും സത്താപരമായി എന്താണെന്ന അന്വേഷണം തുടങ്ങേണ്ടത്. അത് നിശ്ചയമായും കുടുംബങ്ങളെയും കുടുംബ കൂട്ടായ്മകളെയും സംബന്ധിച്ച ദൈവഹിതം നമ്മുടെമുമ്പിൽ അനാവരണം ചെയ്യുകയും ചെയ്യും.

## പാറസമാനമായ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ


മത്താ 16:13 – 19 – ൽ പത്രോസ് യേശുവിനോട് പറയുന്നത് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്നാണ്. ദൈവാത്മാവിന്റെ ഉപകരണമായിത്തന്നെ പത്രോസ് മാറുന്നത്ര ആഴം തന്റെ വിശ്വാസത്തിനുണ്ട് എന്നതാണ് കർത്താവിന്റെ മറുപടിയിൽ നാം കാണുന്നത്: "യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിത്തന്നത്. ഞാൻ നിന്നോടു പറയുന്നു നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല..." പത്രോസിന്റെ പാറപോലുള്ള ഈ വിശ്വാസത്തിന്റെ മേലാണ് ദൈവം തന്റെ സഭയെ പണിതുയർത്തുന്നത്.

## സിരകളിലൊഴുകുന്ന ക്രിസ്തു സ്നേഹം

യോഹ 21: 15 – 17 – ൽ തന്റെ ഗുരുവും രക്ഷകനും നാഥനുമായ ക്രിസ്തുവിനോടുള്ള അവാച്യമായ സ്നേഹമാണ് തന്റെ സിരകളിൽ നിറഞ്ഞൊഴുകുന്നതെന്ന് പത്രോസ് തന്റെ കണ്ണീരിൽ ചാലിച്ച വാക്കുകളിൽ പ്രഖ്യാപിക്കുന്നുണ്ട്. ആ സ്നേഹത്തിന്റെ പാറമേലാണ് നല്ലിടയനായ യേശുക്രിസ്തു പത്രോസിനെ സഭയുടെ കാണപ്പെട്ട ഇടയനായി ഉയർത്തി നിർത്തുന്നത്.

## ദൈവവചനത്തിലും ദിവ്യകാരുണ്യത്തിലുമുള്ള അചഞ്ചല വിശ്വാസം

പാറസമാനമായ വിശ്വാസവും അതിന്റെ ഏറ്റുപറച്ചിലും ക്രിസ്തുവിനോടുള്ള തന്റെ അഭേദ്യമായ സ്നേഹബന്ധവുമാണ് മേൽ സൂചിതമായ വസ്തുതകൾ. ഈ രണ്ടു സംഭവങ്ങൾക്കും നടുവിൽ ജ്വലിച്ചു നിൽക്കുന്ന മറ്റൊരു ഏറ്റുപറച്ചിലുണ്ട്. യോഹ 6 – ൽ നിത്യജീവന്റെ ഭോജനമായി തന്റെ തിരുശരീര രക്തങ്ങൾ ഭക്ഷിക്കണം എന്ന യേശുവിന്റെ ആഹ്വാനം കേട്ട്,





ഇത് കഠിനമാണെന്നു പറഞ്ഞ് അവിടത്തെ ഉപേക്ഷിച്ച് ചിലർ പോകുന്നുണ്ട്. അപ്പോൾ, നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ എന്ന യേശുവിന്റെ ചോദ്യത്തോട് "കർത്താവേ, ഞങ്ങൾ ആരുടെയടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" എന്നാണ് പത്രോസ് പ്രഖ്യാപിക്കുന്നത്.

പരിശുദ്ധാത്മാവിന്റെ നിറവിൽ ഉത്ഥിതനായ ക്രിസ്തുവിനെ പ്രഘോഷിച്ച പത്രോസിനെയും കൂട്ടരെയും പീഡിപ്പിച്ച് പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന യഹൂദമതനേതാക്കളോടും ന്യായാധിപസംഘത്തോടും ജനപ്രമുഖന്മാരോടുമായി പത്രോസ് പറഞ്ഞത് ഇങ്ങനെയാണ്:"മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്." ഇവിടെ ക്രിസ്തു ഭരമേൽപിച്ച സത്യത്തിന് ജീവനെക്കാൾ വിലയുണ്ടെന്നതും അവിടത്തെ വചനവും കൂദാശകളിലൂടെ അവിടന്ന് പകരുന്ന തന്റെ സാന്നിധ്യവും കൃപകളും നിത്യജീവൻപകരുന്ന സത്യമാണെന്നതും പത്രോസ് തന്റെ ജീവിതംകൊണ്ട് അടിവരയിട്ടു പ്രഖ്യാപിക്കുകയാണ്.

## ഈ വിശ്വാസത്തിൽ വിരിഞ്ഞ സമൂഹവും അതിന്റെ ലക്ഷണങ്ങളും

ആത്മാവിന്റെ നിറവിൽ വിശ്വാസത്തിന്റെ പ്രഘോഷണം ആദിമ ക്രൈസ്തവസമൂഹത്തിന് ജന്മം നൽകി. അതു സംബന്ധിച്ച് അപ്പ 2:41– 42 സാക്ഷ്യപ്പെടുത്തത് ഇങ്ങനെയാണ്: " അവന്റെ (പത്രോസിന്റെ) വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടുചേർന്നു. അവർ അപ്പോസ്തലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേർന്നു." അവരുടെ കൂട്ടായമയും ദിവ്യബലിയിലുള്ള പങ്കാളിത്തവും ഒരു ഹൃദയവും ഒരാത്മാവുമുള്ളൊരു സമൂഹമാക്കിത്തീർത്തു. അവർ ക്രിസ്തുവിന് സാക്ഷ്യം നൽകുന്നൊരു സമൂഹമായിരുന്നു. അവരിൽ കൃപാവരം സമൃദ്ധമായി ഉണ്ടായിരുന്നു. അതുകൊണ്ട്, അവർ തങ്ങളുടെ അദ്ധ്വാനഫലം മറ്റുള്ളവരുടെ ദാരിദ്ര്യം അകറ്റുന്നതിന് പങ്കുവയ്ക്കാൻ സന്തോഷപൂർവം അപ്പോസ്ഥലന്മാരെ ഏൽപിച്ചിരുന്നു. അതുകൊണ്ട് അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. (അപ്പ 4:32 – 35).


ഈ വസ്തുതകളിൽനിന്നൊക്കെ നമ്മൾ മനസ്സിലാക്കേണ്ടത്, പത്രോസാകുന്ന പാറമേൽ ക്രിസ്തു പണിതുയർത്തിയ സഭയുടെ അടിസ്ഥാന ലക്ഷണങ്ങൾ (1) കർത്താവിന്റെ വചനത്തിലുള്ള ആഴമുള്ള വിശ്വാസം (2) ദിവ്യകാരുണ്യത്തിലുള്ള അചഞ്ചലമായ വിശ്വാസം (3) വീണുപോയാൽ അനുതാപത്തോടെ ദൈവസ്നേഹം ഏറ്റുപറയുന്ന വിശ്വസ്തത (4)

ഇവ രണ്ടിലും കേന്ദ്രീകൃതമായ മറ്റുകൂദാശകളുടെ അനുഭവം (5) ശരീരത്തെ മാത്രം കൊല്ലാൻ കഴിയുന്നവരെ ഭയപ്പെടാത്ത പ്രേഷിത ചൈതന്യം (6) വിശ്വാസികളുടെ സമൂഹം ക്രിസ്തുവിന്റെ ഏക ശരീരമായിരിക്കുന്ന കൂട്ടായ്മയനുഭവം (7) ശരീരത്തിലെ ഒരവയവത്തിന്റെ കുറവിൽ മറ്റ് അവയവങ്ങൾ സഹായത്തിനെത്തുന്നപോലുള്ള അദ്ധ്വാനഫലത്തിന്റെ പങ്കുവയ്പ്. ഇവതന്നെയാണ് യഥാർത്ഥ സഭാമക്കളെ തിരിച്ചറിയാനുള്ള ലക്ഷണങ്ങളും. അതുകൊണ്ടാണ് പത്രോസാകുന്ന പാറമേൽ തന്റെ സഭ സ്ഥാപിച്ച കർത്താവ് അതേ പാറപ്പുറത്ത് സ്വന്തം ഭവനം പണിതന വിവേകിയായ മനുഷ്യനെയും ലൂക്കാ 6:46–47–ലും മത്താ 7:24–27 –ലും അവതരിപ്പിക്കുന്നത്.

## കൂട്ടായ്മ ക്രിസ്തുവിന്റെ അന്ത്യഭിലാക്ഷം

യോഹ 17:20–23–ൽ മനുഷ്യകുലത്തിന്റെമുഴുവൻ രക്ഷയ്ക്കായി ലോകത്തിലേയ്ക്ക് പിതാവായ ദൈവത്താൽ താൻ അയയ്ക്കപ്പെട്ടു എന്ന് ലോകം അറിയേണ്ടത് എങ്ങനെ ആയിരിക്കണം എന്ന് യേശു മൂന്നാവർത്തി വ്യക്തമാക്കുന്നുണ്ട്. അപ്പോസ്തലന്മാരുടെ പ്രബോധനം മൂലം ലോകാവസാനംവരെ ആരൊക്കെ വിശ്വാസികളായിത്തീരുന്നുവോ അവരൊക്കെ താനും പിതാവും ഒന്നായിരിക്കുന്നതുപോലെതന്നെ ഒന്നായിരിക്കുകവഴി ആകണം അതെന്ന് അവിടന്ന് അടിവരയിട്ട് പറയുന്നു.

അർത്തുങ്കൽ ബസിലിക്ക ഇടവക ആലപ്പുഴരൂപതയുടെ വിശ്വാസ പൈതൃകത്തിന്റെ ഇടമാണ്. അതുകൊണ്ടുതന്നെ രൂപത അതിന്റെ 70–ാം പിറന്നാളിലേയ്ക്ക് ഈ ഒക്ടോബർ 11–ന് കടക്കുമ്പോൾ വിദ്യാഭ്യാസ ശുശ്രൂഷ, സാമൂഹിക ശുശ്രൂഷ, കുടുംബശുശ്രൂഷ, യുവജന ശുശ്രൂഷ, അജപാലനശുശ്രൂഷ, അൽമായശുശ്രൂഷ എന്നീ തലങ്ങളിൽ ഇടവകയുടെ സമഗ്ര വളർച്ചയ്ക്കുതകുന്ന ദീർഘകാല ഹ്രസ്വകാല പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തി മറ്റു ഇടവകകൾക്ക് മാതൃകയാകേണ്ടതുണ്ട്. വരുന്ന 5 –10 വർഷത്തിനുള്ളിൽ അർത്തുങ്കൽ ജനത ആദ്ധ്യാത്മികതയിലും വിദ്യാഭ്യാസത്തിലും തൊഴിൽ സംബന്ധമായ മികവിലും വൈവിധ്യത്തിലും സാംസ്കാരികതയിലും സാമൂഹിക സാമ്പത്തിക ഔന്നദ്ധ്യത്തിലും രാഷ്ട്രീയ പ്രബുദ്ധതയിലുമെല്ലാം എത്രത്തോളം ഉയരണം എന്നതിന് ഇപ്രകാരമുള്ള നിർണായക നീക്കങ്ങൾ അനിവാര്യമാണ്. അങ്ങനെ വിശ്വാസവും അതിനെ ജീവസ്സുറ്റതാക്കുന്ന സ്നേഹത്തിന്റെയും കരുതലിന്റെയും കരുണയുടെയും പ്രവൃത്തികളുംകൊണ്ട് നമ്മുടെ ഭവനങ്ങളെയും കുടുംബകൂട്ടായ്മകളെയും ഇടവകയെയും പാറമേൽ പണിതുയർത്താം. അതിന് ഈ അർത്തുങ്കൽ ബുള്ളറ്റിൻ സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.



മേരി ഹെലൻ
വാലയിൽ

> എന്റെ ദിവ്യകാരുണ്യ ദിവസം ഞങ്ങൾ തമ്മിലുള്ള ഒരു ഉരുകിച്ചേരൽ നടന്നു. പിന്നീട് ഞങ്ങൾ രണ്ടായിരുന്നില്ല.




വി.കൊച്ചുത്രേസ്യ
ബാല്യകാലചിത്രം

# വിശുദ്ധ കൊച്ചുത്രേസ്യ

1873 ജനുവരി 2ന് അലൻസോണിൽ ആണ് കൊച്ചുത്രേസ്യ ജനിച്ചത്. പിതാവ് ലൂയി മാർട്ടിൻ സമ്പന്നനായ പട്ട് വ്യാപാരിയായിരുന്നു. അമ്മ സെലിഗോലി. ത്രേസ്യയ്ക്ക് നാലു വയസ്സായ പ്പോഴേക്കും അമ്മ മരിച്ചു. പിന്നീട് പിതാവ് ലൂയി മാർട്ടിൻ മക്കളോടൊപ്പം ലൂസിയിലേയ്ക്ക് താമസം മാറ്റി.

പത്തു വയസ്സുള്ളപ്പോൾ ത്രേസ്യയ്ക്ക് ഗുരുതരമായ ഒരു രോഗം പിടിപെട്ടു. ഒരു മാസ ത്തോളം ആ അവസ്ഥയിൽ തന്നെ തുട ർന്നു. 1883 മെയ് 13ന് ത്രേസ്യക്ക് പരിശുദ്ധ മാതാവ് അത്ഭുതകരമായ സൗഖ്യം നൽകി. ത്രേസ്യയുടെ അസാധാരണവും ആധ്യാത്മീക



വുമായ ജീവിതത്തിൽ ഈശോയ്ക്ക് വളരെ സമുന്നതമായ സ്ഥാനമുണ്ടായിരുന്നു. അവളുടെ എഴുത്തുകളിൽ ഓരോ പേജിലും ഈശോ എന്ന പേര് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രഥമ ദിവ്യ കാരുണ്യത്തെപറ്റി അവൾ പ്രസ്താവിക്കുന്നത് ശ്രദ്ധേയമാണ്.

'വളരെ നീണ്ടകാലത്തേക്ക് ഈശോയും ഞാനും അറിയുമായിരുന്നു. എന്റെ ദിവ്യകാരുണ്യ ദിവസം ഞങ്ങൾ തമ്മിലുള്ള ഒരു ഉരുകിച്ചേരൽ നടന്നു. പിന്നീട് ഞങ്ങൾ രണ്ടായിരുന്നില്ല '.

അവൾ വീണ്ടും പറയുന്നു എന്റെ യുവത്വത്തിന്റെ ഹൃദയം പ്രഭാപൂരിതമായപ്പോൾ ആ ജ്വാലയെ സ്നേഹം എന്നു വിളിച്ചപ്പോൾ ഓ... ഈശോ.... നീ വന്നു. നാഥാ നിനക്ക് മാത്രമേ എന്റെ ഹൃദയത്തെ നിറയ്ക്കുവാൻ സാധിക്കൂ. കാരണം നിന്നെ സീമകളില്ലാതെ സ്നേഹിക്കാൻ എനിക്കിന്ന് സാധിക്കുന്നു. ദിവ്യകാരുണ്യം എന്ന ദേവദാരുവിൽ ചുറ്റിപ്പടരേണ്ട ഒരു ലതയാണ് ഞാൻ എന്ന് ഒരിക്കൽ ത്രേസ്യ പറയുകയുായി. ഈശോയുടെ പരിശുദ്ധ ശരീരത്തെ യോഗ്യതയോടെ സ്വീക രിക്കുന്നതിനെക്കാൾ മേന്മയെറിയതായി മറ്റൊ ന്നുമില്ലെന്ന് കൊച്ചുത്രേസ്യ അറിഞ്ഞിരുന്നു.

1889ൽ കൊച്ചുത്രേസ്യ കർമ്മല മഠ ത്തിൽ പ്രവേശിച്ചു സഭാ വസ്ത്രം സ്വീകരിച്ചു. 1890 സെപ്റ്റംബർ എട്ടാം തീയതി പ്രഥമ വ്രതവാഗ്ദാനം നടത്തി. 1893 ൽ നവ സന്യാസികളുടെ പരിശീ ലനത്തിൽ നിയുക്തയായി. കുറെ നാൾ ആ ജോലി നല്ലരീതിയിൽ നോക്കി. ദിവ്യകാരുണ്യ നാഥനോട് ആലോചിച്ചാണ് നവ സന്യാസികൾക്ക് ഉപദേശം നൽകിയിരുന്നത്. എല്ലാ വിജ്ഞാനവും ഈശോയിൽ നിന്ന് സ്വീകരിച്ചതാണ് എന്ന് നവ സന്യാസികളോട് കൊച്ചുത്രേസ്യ പറഞ്ഞിരുന്നു. യുവത്വത്തിൽത്തന്നെ ക്ഷയരോഗം പിടിപെട്ട ത്രേസ്യ സ്നേഹത്തിന്റെ രക്തസാക്ഷി ആയി മാറി. ദിവ്യമണവാളനായ ഈശോയെപ്പോലെ ക്രൂശിക്കപ്പെടാൻ കൊച്ചുത്രേസ്യയും ആശിച്ചു. 24 വർഷം മാത്രം നീണ്ടു നിന്ന ജീവിതത്തിന്റെ അന്ത്യഘട്ടം സഹന പൂർണമായിരുന്നു. സ്നേ ഹിച്ചു മരിച്ച ഈശോയെ സ്നേഹിക്കുക എന്ന ലക്ഷ്യമായിരുന്നു കൊച്ചുത്രേസ്യയിൽ നിറഞ്ഞു നിന്നത്.1897 സെപ്റ്റംബർ മുപ്പതാം തീയതി ദൈവമേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു എന്നുപറഞ്ഞുകൊണ്ട് സ്നേഹ നാഥനോടൊപ്പം നിത്യമായി ഒന്നായിരിക്കാൻ സ്വർഗ്ഗത്തിലേക്ക് യാത്രയായി. ചെറുപുഷ്പം (Little flower) എന്ന പേരിലും കൊച്ചുത്രേസ്യ അറിയപ്പെടുന്നു.

> ❝ ദൈവമേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

1925ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പ കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചു. 1997 ൽ സഭാപ്രചോദക എന്ന സ്ഥാനം ജോൺ പോൾ പാപ്പ വിശുദ്ധ കൊച്ചുത്രേസ്യക്കു നൽകി. ദൈവത്തോട് സംസാരിക്കുന്നതിനേക്കാൾ ശ്രേഷ് ഠമാണ് ദൈവത്തെ കേൾക്കുന്നത് ദൈവത്തെ ക്കുറിച്ച് കേൾക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ് ദൈവത്തോട് സംസാരിക്കുന്നത്. വിശുദ്ധ കൊച്ചു ത്രേസ്യയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന പാഠമിതാത്.

സെബാസ്റ്റ്യൻ ചിന്നപ്പൻ
തയ്യിൽ

# മായാതെ ഇന്നും....

അത്ഭുതമായ ഒരു രക്ഷപെടലിന്റെ ഓർമ്മയാണ് എന്റെ മനസ്സിൽ ഇന്നും മായാതെനിൽക്കുന്നത്. എന്റെ മത്സ്യബന്ധന ജീവിതത്തിന്റെ തുടക്കം 1970 കളുടെ ആരംഭമായിരുന്നു. അത് എന്റെ ബാല്യകാലമായിരുന്നുവെന്നതും ഇവിടെ എടുത്തു പറയട്ടെ. അന്നത്തെ ഒരു ദിനത്തിൽ വല്യചേട്ടന്മാരുടെ കൂട്ടത്തിൽ കടലിൽ മത്സ്യബന്ധനത്തിന് ഞാൻ പോയിത്തുടങ്ങിയിരുന്നു.

അങ്ങനെ ഒരിക്കൽ വള്ളത്തിൽ പൊയ്ക്കൊണ്ടിരിക്കുമ്പോൾ ആഞ്ഞുവീശിയ കാറ്റിലും തിരമാലയിലും പെട്ട് വള്ളം ഛിന്നഭിന്നമായി. എല്ലാം വളരെ പെട്ടെന്ന് ആയിരുന്നു. ഞാനുൾപ്പെടെ എല്ലാവരും കടലിലേക്ക് വീണു.നീന്തലറിയാവുന്നവർ നീന്തി രക്ഷപെടാനുള്ള ശ്രമത്തിൽ നിൽക്കുമ്പോൾ നീന്തലറിഞ്ഞു കൂടാത്ത ഞാൻ തകർന്ന വള്ളത്തിന്റെ ഒരു ഭാഗത്ത് പിടിച്ചു കിടന്നു കരഞ്ഞുകൊണ്ടിരുന്നു. കറുത്തിരുന്ന ആകാശം ആകെ കലങ്ങി മറിഞ്ഞ് കിടന്നിരുന്നു. പൊടുന്നനെ ആഞ്ഞുവീശിയ കാറ്റും തിരമാലയും വള്ളത്തെ മറ്റൊരു ഭാഗത്തേക്ക് എടുത്തെറിഞ്ഞു. മുറുകെപ്പിടിച്ച വള്ളപ്പലകയോടൊപ്പം ഞാൻ ചെന്നു വീണത് മുട്ടോളം മാത്രം വെള്ളമുള്ള ഒരു ഭാഗത്തായിരുന്നു. അവിടെ നിന്ന് ഞാൻ നടന്നു തന്നെ കരക്കു കയറി.... പിന്നെ... കരഞ്ഞുകൊണ്ട് വീട് ലക്ഷ്യമാക്കി ഒരു ഓട്ടമായിരുന്നു. ഇതിനകം വള്ളത്തിൽ നിന്നും തെറിച്ചുവീണ നീന്തലറിയാവുന്ന മറ്റു ചേട്ടന്മാരെയെല്ലാം രക്ഷാപ്രവർത്തകർ രക്ഷപെടുത്തി ആശുപത്രിയിൽ എത്തിച്ചു. നീന്തലറിഞ്ഞു കൂടാത്ത എന്നെ സുരക്ഷി തനാക്കി വീട്ടിലെത്തിച്ച അത്ഭുതത്തിനു പിന്നിൽ കർത്താവിന്റെ കരുതലും മാതാവിന്റെ സംരക്ഷണവും ഉണ്ടായിരുന്നു.ചെറുപ്പം മുതൽ തന്നെ ജപമാലയിലൂടെ വളർന്ന ഞാൻ മാതാവിന്റെ എളിയ ഭക്തനായിമാറിയിരുന്നു. ഇപ്പോഴും ആ മരിയഭക്തിയുടെ ചൈതന്യത്തിൽ ഞാൻ മുന്നോട്ടു പോകുന്നു. മത്സ്യബന്ധത്തിന് ഇന്നും പോകുമ്പോഴും ഈ ഓർമ്മയും ദൈവത്തിന്റെ കരസ്പർശവും എന്നെ പിടിവിടാതെ പിന്തുടരുന്നു.


ഫാ. ഇ. ജെ തോവസ് എസ്സ്. ജെ
സേക്രഡ് ഹാർട്ട് സെമിനാരി

# ഫാ. സ്റ്റാൻ സ്വാമി എസ്. ജെ.

(Fr. Stanislaw Lurdusamy, S. J.)

*"The mission of the Society of Jesus today is the service of faith, of which the promotion of justice is an absolute requirement"*
*Decree 4, General Congregation 32, 1976*

ഫാ. സ്റ്റാൻ സ്വാമിയെ അറസ്റ്റു ചെയ്യുന്നതിനു മുൻമ്പ് അദ്ദേഹം പറഞ്ഞു. "ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയ പ്രക്രീയയാണ്. പ്രമുഖരായ ബുദ്ധിജീവികൾ, എഴുത്തുകാർ കവികൾ, സ്വയംസേവക പ്രവർത്തകർ, വിദ്ധ്യാർത്ഥികൾ, നേതാക്കന്മാർ എന്നിവരെ ഒക്കെ ജയിലിലടച്ചു കഴിഞ്ഞു. അവർ സർക്കാരിനെതിരേ തങ്ങളുടെ ഭിന്നാഭിപ്രായം പ്രകടിപ്പിക്കുകയും അധികാരത്തിലിരിക്കുന്നവരെ ചോദ്യംചെയ്കയും ചെയ്തിരുന്നു. ഈ അറസ്റ്റും ഈ പ്രക്രീയയുടെ ഭാഗം മാത്രമാണ്. എനിക്കതിൽ ഭാഗഭാക്കാവുന്നതിൽ സന്തോഷമെ ഉള്ളു. ഞാൻ ഒരു നിശബ്ദ കാഴ്ച്ചക്കാരനല്ല ഞാൻ ഈ പ്രക്രീയയുടെ ഭാഗമാണ്. അതിനായി എന്തു വിലകൊടുക്കാനും ഞാൻ തയ്യാറാണ്".






നോബേൽ ലറേയ്റ്റ് അമർത്യാ സെൻ പറഞ്ഞു: "ഫാ. സ്റ്റാൻ സാമി ഒരു അരാജകത്വ വാദിയല്ല, ഒരു നേതാവുമല്ല. അദ്ദേഹത്തിന്റെ ഏക ലക്ഷ്യം അരുകുവൽക്കരിക്കപെട്ടവരുടേയും പിന്നോക്കാവസ്ഥയിലുള്ളുരുടെയും സംരക്ഷണമാണ്. അവർക്കു ഭൂമി ലഭ്യമാക്കുക, അവരുടെ ആവാസ കേന്ദ്രമായ കാട് അവർക്ക് കൃഷിക്ക് ലഭ്യമാക്കുക, ജീവസന്ധാരണത്തിന്ന് അവശ്യമായ സാഹചര്യം സൃഷ്ടിക്കുക, അവരുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടാതെ നോക്കുക എന്നിവക്കായി നില നിന്ന് താൻ ചെയ്യാത്ത കുറ്റത്തിന്ന് വിധി നടപ്പാക്കുന്നതിനിടയിൽ അദ്ദേഹം മരിച്ചു"

എന്തിനാണ് എന്നെ അറസ്റ്റു ചെയ്തത്. ഞാൻ എന്തുകുറ്റമാണ് ചെയ്തത് എന്ന് അദ്ദേഹം ചോദിച്ചു.

1. ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള (TAC) (Indian construction Article 244 (1) ആദിവാസികൾ മാത്രം അംഗങ്ങളായിട്ടുള്ള ആദിവാസി അഡ്വൈസറി കൗണസിൽ നടപ്പിലാക്കാത്തതിനെതിരെ സ്വരമുയർത്തി ഈ നിയമത്തിലൂടെ ആദിവാസികളുടെ സംരക്ഷണവും, വളർച്ചയും സുസ്ഥിരതയും ഉറപ്പാക്കാൻ കഴിയുമായിരുന്നു.

2. പഞ്ചായത്ത് എക്സ്റ്റൻഷൻ ഷെഡ്യൂളുകൾ ഏരിയ Panchayat (Extention to Schedule Areas) Act, 1966 (NO.40 of 1996) എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല. പരമ്പരാഗതമായി ആദിവാസികൾ നടത്തിപ്പോരുന്ന തനത് ഗ്രാമസഭാഭരണ സംവിധാനമാണിത്.

3. സർക്കാർ സമതാ നീതിവ്യവസ്ഥ നിശബ്ദമാക്കി Samatha Judgement 1997, of the Supreme Court (Civil Appeal Nos: 46012 of 1997) യതിനെതിരെ ശബ്ദമുയർത്തി.. ആദിവാസി മേഖലയിലുള്ള ധാതു സമ്പത്ത് ആദിവാസികൾക്ക് ഖനനംചെയ്യാനും അങ്ങനെ സ്വയം പര്യാപ്തതയിലേക്ക് വളരാനുമുള്ള അവസരം ഇതിലൂടെ അവർക്കു നിഷേധിക്കുകയായിരിന്നു.

4.വന അവകാശ നിഷേധന നിയമം നടപ്പാക്കാതിരിക്കാൻ Samatha Judgement 1997, of the Supreme Court (Civil Appeal Nos: 46012 of 1997). അദ്ദേഹം ഉറക്കെ കരഞ്ഞപേക്ഷിച്ചു. ആദിവാസികളുടെ വനമേഖലയിന്മേലുള്ള അവകാശം നിഷേധിക്കുന്നതിലൂടെ അവർക്കുനേരെ ചരിത്രപരമായ ഒരനീതിയാണ് സർക്കാർ നടപ്പിലാക്കിയത്.

5."ഭൂമിയുടെ അവകാശികൾക്കാണ് മണ്ണിലുള്ള ധാതുക്കളുടേയും അവകാശി" എന്ന സുപ്രീം കോടതി വിധി (SC: Civil Appeal NO 4549 of 2000) നടപ്പിലാക്കാതെ കൽക്കരി ഖനികൾ ആദിവാസികളെ പങ്കെടുപ്പിക്കാതെ ഏക പക്ഷീയമായി വ്യവസായികൾക്ക് ലേലംചെയ്തുകൊടുക്കുന്നത് അദ്ദേഹം ചോദ്യം ചെയ്തു.

6. സർക്കാർ ഈയിടെ പാസ്സാക്കിയ നിയമം ആദിവാസികളുടെ കൃഷി ഭൂമി കാർഷിക ആവശ്യത്തിനല്ലാതെ പതിച്ചു കൊടുക്കുന്ന നിയമം Land Acquisition Act, 2013 by (the

Jharkhand government ആദിവാസി സമൂഹ ത്തിന്റെ മരണമണി മുഴക്കമായിരുന്നു. ഇതി ലൂടെ സാമൂഹ്യ ആഘാതം വിലയിരുത്താതെ സർക്കാരിന്ന് താത്പര്യമുള്ളവർക്ക് ഭൂമി വിറ്റ ഴിക്കാൻ കഴിയും. ഭൂമാഫിയക്കെതിരെ അദ്ദേഹം നിലകൊണ്ടു.

7. ലാൻറ്റ് ബാങ്ക് എന്ന ആശയത്തെ അദ്ദേഹം ശക്തിയുക്തം എതിർത്തു. എല്ലാ ഭൂമി യും സർക്കാരിന്റേതായി വ്യാഖ്യാനിച്ച് വ്യവസായ പ്രമുഖർക്ക് മനസ്സുപോലെ ഭൂമി പതിച്ചുനൽകാൻ സർക്കാരിന്ന് അവകാശം നൽകികൊണ്ടുള്ള ബില്ലായിരുന്നു അത്.

8. ആയിരങ്ങളോളം വരുന്ന ആദി വാസി മൂലമാസി യുവാക്കളെ ഭൂമി അന്യവൽക്കര ണത്തിന്നെതിരേയും കിടപ്പാടഭ്രംശത്തിന്നെതി രേയും സ്വരമുയർത്തിതയിന്റെ പേരിൽ 'റാക് സൽ' എന്ന് മുദ്രകുത്തി തുറുങ്കിലടച്ചതിന്ന് എതിരായി ജാർഘണ്ഡ് സംസ്ഥാനത്തിന്നെ തിരായി ഹൈക്കോടതിയിൽ കേസ്സു രജിസ്റ്റർ ചെയ്തതാണ് ഒടുവിൽ അറസ്റ്റിൽ കലാശിച്ചത്.

2020 ഒക്ട്ടോബർ എട്ടിനാണ് ഫാ. സ്റ്റാൻ സാമിയെ അറസ്റ്റു ചെയ്തത്. ഭീമ കൊറെഗാവ് അക്രമണത്തിൽ പങ്കാളിയാണെന്നും മാവോയി സ്റ്റ് ബന്ധമുണ്ടെന്നും ആരോപിച്ചാണ് എൻ. ഐ. എ. അറസ്റ്റ് ചെയ്തത്. ജാർഗണ്ഡിലെയും ബീഹാറിലേയും ആദിവാസികളുടെ അവകാശ ങ്ങൾക്കുവേണ്ടി അറുപതു വർഷക്കാലം ജീവിതം സമർപ്പിച്ച ഫാ. സാമിയുടെ പ്രവർത്തനങ്ങളെ തകർക്കാനായി ഗൂഢമായ പദ്ധതികൾ ആസൂ ത്രണം ചെയ്തായിരുന്നു അറസ്റ്റ്. ഫാ. സ്റ്റാൻ സാമിയുടെ കമ്പ്യൂട്ടറിൽ തെളിവുകൾക്കാവശ്യ മായ വസ്തുതകൾ എൻ. ഐ. എ തിരികി കയറ്റിയിരുന്നു എന്ന് അമേരിക്കയിലെ ഡിജിറ്റൽ ഫോറൻസിക്ക് കമ്പനി കണ്ടെത്തിയിട്ടുണ്ട്.

മാർക്സിസ്റ്റ് ആദർശത്തെ എതിർ ക്കുന്ന സഭ സ്റ്റാൻ സാമിയെ മാവോയിസ്റ്റു മായി സഹകരിച്ചു പ്രവർത്തിച്ചാൽ അദ്ദേഹം അച്ചടക്കനടപടിക്കി വിധേയമാകുമായിരുന്നില്ലെ യെന്ന് റിട്ടെയ്ഡ് ഡി. ജി. പി. ജൂലിയോ റെബേരോ ചോദിക്കുന്നു. സഭയുടെയും മാവോയിസ്റ്റുകളു ടേയും ലക്ഷ്യം പാവങ്ങളെ ഉദ്ധരിക്കുക എന്ന താകാം. എന്നാൽ രണ്ടിന്റേയും പ്രവർത്തന ശൈലി വ്യത്യസ്ഥമല്ലേ?. ജി. സി 32 ൽ ഈശോസഭ പറഞ്ഞുവച്ച പാവങ്ങളോടുള്ള പ്രതിബദ്ധത നട പ്പിലാക്കുകമാത്രമാണ് ഫാ. സ്റ്റാൻ നിറവേറ്റിക്കൊ ണ്ടിരുന്നത്.

വിചാരണ ഇല്ലാതെയാണ് ഒൻമ്പതു മാസക്കാലം ഫാ. സ്റ്റാൻ സാമി പൂനായിലെ തലോജ





ജയിലിൽ കഴിഞ്ഞത്. നാലു പ്രാവശ്യം കോടതിയിൽ ജാമ്യത്തിന്നുള്ള അപേക്ഷ സമർപ്പച്ചെങ്കിലും അത് കോടതി തള്ളി. സർക്കാർ നിയമവ്യവസ്ഥയെ കൂട്ടുപിടിച്ച് ഫാ. സാമിയുടെ ജയിൽ ജീവിതം കുടുതൽ ദുരിതപൂർണ്ണമാക്കുകയായിരു എന്ന്സെൻപരിതപിക്കുന്നു. പാർക്കിൻസൺ രോഗത്തിന്ന് അടിമയായിരുന്നു അദ്ദേഹം. വെള്ളം കുടിക്കാൻ ഒരു സിപ്പർ അവശ്യപെട്ടു അതു ജയിൽ അധികാരികളിൽ നിന്നും അനുവദിച്ചുകിട്ടാൻ ആഴ്ചകൾ തന്നെ എടുത്തു. എട്ടുമാസം ജയിലിൽ കഴിഞ്ഞശേഷം ഈശോസഭാ സഹോദരങ്ങൾക്ക് എഴുതി "ഇവിടെ വരുന്നതിന്നു മുൻമ്പ് എഴുത്തിലും വായനയിലും ഏർപ്പെട്ടിരുന്നു. പരസഹായം കൂടാതെ ഭക്ഷണം കഴിക്കാനും, കുളിക്കാനും നടക്കാനും കഴിയുമായിരുന്നു . ബോധം സാവധാനം നഷ്ട്ടപെട്ടുകൊണ്ടിരിക്കുന്നു. സഹ തടവുകാർ എന്നെ സഹായിക്കുന്നുണ്ട്". ഇത്ര പരിതാപകരമായ അവസ്ഥയിലും 84 കാരനായ രോഗിക്ക് കോടതി ജാമ്യം അനുവദിക്കാൻ വിസമ്മതിക്കുകയും ചെയ്തു.

അവസാനമായി അദ്ദേഹം വിചാരണ കോടതിയെ സമീപിച്ചപ്പോൾ മരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണെന്ന് താനെന്ന് വളരെ വ്യക്തമായി ബോധ്യപ്പെടുത്തുകയുണ്ടായി. പ്രവർത്തന മേഖലയായ റാഞ്ചിക്കടുത്തുള്ള ബഗൈച്ചിയിൽ തിരികെ പോകാൻ അനുവദിതക്കമണെന്നും അല്ലെങ്കിൽ ജയിലിൽ കിടന്ന് അന്ത്യശ്വാസം വലിക്കുമെന്നു കോടതിയെ ബോധ്യപെടുത്താൻ ശ്രമിച്ചു. ഈ അഭ്യർത്ഥനയും കോടതി നിഷ്കരുണം നിഷേധിച്ചു. 84 വയസ്സായ ഒരു വന്ദ്യ വയോധികനെ സംരക്ഷിക്കുന്നതിന്നു പകരം നീതിന്യായ കോടതി കമ്മറ്റികളെ വിഷയം പഠിക്കാൻ നിയോഗിച്ചിട്ടുണ്ടെന്നു പറഞ്ഞ് നീട്ടിക്കൊണ്ടുപോയി അന്യായമായി ഭരണപക്ഷത്തിന്ന് കൂട്ടുനിന്ന് കഴിയുന്നത്ര അദ്ദേഹത്തെ പീഡിപ്പിക്കയാണ് ചെയ്തത്.

ഒടുവിൽ കോവിഡുപിടിപെട്ട് സ്വകാര്യ ആശുപത്രയിലേക്കു മാറ്റാൻ തീരുമാനമായി. അവിടെ തീവ്ര പരിചരണ വിഭാഗത്തിൽ ശുശ്രൂഷക്കിടയിൽ അദ്ദഹം നിത്യതയിൽ വിലയം പ്രാപിച്ചു. ഫാ. സ്റ്റാൻ സാമിയുടെ മരണവാർത്ത ശ്രവിച്ച കോടതി തങ്ങൾ ഞെട്ടിയെന്നു പറയുന്നു. ഇനിയുള്ളകാലത്ത് നീതി നിർവ്വഹണത്തിൽ സത്യസന്ധത പാലിക്കാൻ ഈ ഞെട്ടൽ അവരെ സഹായിക്കട്ടെ.



ഫാ. സ്റ്റാൻ സാമിയുടെ മരണം ജുഡീഷ്യൽ കൊലപാതകമാണെന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയവും കോടതികളും ഇതിന്ന് ഒരുപോലെ ഉത്തരവാദികളാണെന്നും ചരിത്രകാരനായ രാമചന്ദ്ര ഗുഹ ആരോപിച്ചു. UN മനുഷ്യാവകാശ സംരക്ഷണത്തിന്റെ ചുമതല വഹിക്കുന്ന മേരി ലോലോർ ഫാ. സ്റ്റാൻ സാമിയുടെ അറസ്റ്റ് അനീതിപരമെന്ന് ആരോപിച്ചു. യൂറോപ്യൻ യൂണിയൻ അനീതിപരമായ സർക്കാർ നീക്കത്തിന്നെതിരെ പലവട്ടം സ്വരമുയർത്തി. ഇൻഡ്യക്ക് അകത്തും പുറത്തും ഫാ. സ്റ്റാൻ സാമിയുടെ മരണം ചർച്ചയായിതുടരുന്നു. എന്നാൽ സർക്കാർ മൗനം പാലിച്ച് തങ്ങളുടെ കിരാത പ്രവർത്തനങ്ങൾ മൂടിവക്കുന്നു. അദ്ദേഹം ജയിലിൽ നിന്നുള്ള ഒരു കത്തിൽ "കൂട്ടിലടച്ചാലും പക്ഷി പാടും" എന്ന് എഴുതിയിരുന്നു. എന്നാൽ ചിലത് ചത്തതിന്നു ശേഷവും അനീതിക്കെതിരെ നിരന്തരം പാടിക്കൊണ്ടിരിക്കും, വിശുദ്ധ ഇഗ്നേഷ്യസിന്റെ മാനസാന്തരത്തിന്റെ അഞ്ഞൂറാമാണ്ട് ആഘോഷിക്കുന്ന ഈ വർഷം ദൈവം സഭക്കും ഭാരതത്തിന്നും ഒരു രക്തസാക്ഷിയെ നൽകിയെന്ന് നമ്മുക്ക് ഇപ്പോൾ ആശ്വസിക്കാം.

ഫാ. സ്റ്റെൻസിലാവോസ് ലൂർദുസാമി 26 ഏപ്രിൽ 1937 ൽ തൃശ്ശിനാപ്പിള്ളി ജില്ലയിൽ വിരഗലൂർ ഗ്രാമത്തിൽ ഒരു കർഷക കുടുംബത്തിൽ ജനിച്ചു. 1957 ൽ ജംമഷഡ്പൂർ ഈശോസഭാ പ്രോവിൻസിൽ ചേർന്നു. ഏപ്രൽ 14 1970 ൽ വൈദീക പട്ടം ലഭിച്ചു. ഫിലിപ്പിയൻസിൽ നിന്നും സോഷ്യോളജിയിൽ ബിരുദാനന്തരബിരുതം നേടി. പാവങ്ങളുടെ ഇടയിൽ പ്രവർത്തിച്ചിരുന്ന ബ്രസ്സിലിലെ ആർച്ചു ബിഷപ്പ് ഹെൽഡർ ക്യാമറ ഫാ.സാമിക്ക് എപ്പോഴും പ്രചോദനമായിരുന്നു. 1975—86 ൽ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിട്യൂട്ട് ഡയറക്ടർ ആയിരുന്നു. അക്കാലത്ത് അദ്ദേഹവുമായി സംവാദത്തിൽ ഏർപ്പെടാൻ ലേഖകന് അവസരം ലഭിച്ചിട്ടുണ്ട്. പിന്നീടുള്ള കാലമത്രയും ജാർഘണ്ഡ്, ബീഹാർ മേഖലയിൽ ആദിവാസികൾക്കുവേണ്ടി സേവനം ചെയ്തുകൊണ്ടിരുന്നതിന്നിടയിൽ സർക്കാർ അന്യായമായി അദ്ദേഹത്തെ അറസ്റ്റ് ചെയത് കസ്റ്റഡി മരണത്തിന്ന് വിധേയനാക്കി.

ഡോ. ജോൺ തോമസ്
കുരിശിങ്കൽ

# അഞ്ഞൂറ്റിക്കാരും വിദ്യാഭ്യാസ പുരോഗതിയും



എറണാകുളം ജില്ലയിലെ (വടക്കൻ) പറവൂർ മുതൽ കാർത്തികപ്പള്ളി വരെ വ്യാപിച്ചു കിടക്കുന്ന സമുദായമാണ് നാമുൾപ്പെടുന്ന അഞ്ഞൂറ്റിക്കാർ. ആലപ്പുഴ രൂപതയിലെ മുഖ്യ ധാരാ സമൂഹമായ ഇവരിൽ ഭൂരിഭാഗവും കടൽ തീരത്തോടടുത്തു ജീവിക്കുന്നതിനാൽ ഇവർ




മൽസ്യബന്ധനം മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ്. വലിയ ഭൂസ്വത്തുള്ളവരും നാളികേരവും നെല്ലും വ്യാപകമായി കൃഷി ചെയ്തിരുന്ന ജന്മികളും വ്യാപാരികളുമടങ്ങുന്ന ഒരു ന്യൂനപക്ഷവും ഈ സമുദായത്തിൽ ഉണ്ടായിരുന്നു. കേരളത്തിലെ ക്രൈസ്തവ പാരമ്പര്യത്തിൽ അർത്തുങ്കലിനു ഒരു സവിശേഷ സ്ഥാനമാണുള്ളത്. ആലപ്പുഴ രൂപതയുടെ ഈറ്റില്ലമായ അർത്തുങ്കൽ അഥവാ സാന്തന്ത്രെ മിഷന് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. 1581 ൽ പോർച്ചുഗീസ് ഈശോസഭാ മിഷനറിമാർ ഇവിടെ എത്തുന്നതിനു മുന്നേ ക്രിസ്ത്യാനികൾ അർത്തുങ്കൽ തീരത്ത് അധിവസിച്ചിരുന്നത് ചരിത്രമാണ്. എങ്കിലും സാമൂഹ്യമായും വിദ്യാഭാസപരമായും നമ്മുടെ സമൂഹം ഇന്ന് ഏറെ പിന്നാക്കമാണ്. കാലാവസ്ഥ വ്യതിയാനവും അനുസ്യൂതം തുടരുന്ന മലിനീ കരണവും മൂലം കടലിലെ ജൈവ സമ്പത്ത് പ്രത്യേകിച്ച് മത്സ്യസമ്പത്ത് ഗണ്യമായതോതിൽ കുറഞ്ഞു കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കടലിനെ ആശ്രയിച്ചുള്ള ജീവിതം അധികനാൾ തുടരാൻ നമുക്ക് സാധ്യമാകാതെ വരും. ജനസാന്ദ്രത വളരെകൂടിയ നമ്മുടെ ഈ പ്രദേശത്ത് കാർഷികവൃത്തിയിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്താനുള്ള സാധ്യതയും ഇല്ലാതായിരിക്കുന്നു.

ഇത്തരമൊരുസങ്കിർണമായ സാഹചര്യത്തിൽ അതിജീവനത്തിനായി പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുക അനിവാര്യമാണ്. വിദ്യാഭ്യാസത്തിലൂന്നിയുള്ള സാമൂഹ്യസാമ്പത്തിക പുരോഗതിയാവണം സമുദായത്തിന്റെ വികസന മാർഗ്ഗം. പുതിയ ലോകക്രമത്തിൽ ഉല്പാദനവും സേവനങ്ങളും മുഖ്യമായും 'അറിവിനെ' ആശ്രയിച്ചാണിരിക്കുന്നത്. ലോകരാഷ്ട്രങ്ങളെല്ലാം അറിവിനെ ആശ്രയിച്ചുള്ള ഒരു പുതിയ സാമ്പത്തിക വ്യവസ്ഥയിലേക്ക് (Knowledge economy) കുതിക്കുകയാണ്. അമേരിക്ക ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി നിലനിൽക്കുന്നതും, ഈ അടുത്ത കാലത്ത് ചൈന ലോകത്തിലെ ഒരു നിർണായക ശക്തിയായി ഉയർന്നു കൊണ്ടിരിക്കുന്നതും ശാസ്ത്രസാങ്കേതിക മേഖലകളിൽ അവർ കൈവരിച്ച നേട്ടങ്ങളുടെ പിൻബലത്തോടെയാണ്.

ഇത് നമ്മുടെ മുന്നിൽ വലിയൊരു സാദ്ധ്യതയും അതേസമയം വെല്ലുവിളിയുമാണ്. ഭൗതിക സാഹചര്യങ്ങൾ നമ്മുടെ മേൽ അടിച്ചേ

ൽപ്പിക്കുന്ന പരിമിതികളെ അറിവ് പകർന്നു നൽകുന്ന കരുത്തോടെ നാം എങ്ങനെ നേരിടും എന്നതിനെ ആശ്രയിച്ചാണ് നമ്മുടെ സമുദായത്തിലെ പുതിയ തലമുറയുടെ ഭാവി നിർണയിക്കപ്പെടുന്നത്.

സാമ്പത്തിക പരാധീനങ്ങളുടെ നടുവിലും നമ്മുടെ രൂപതാമേലധ്യക്ഷന്മാരും സമുദായ നേതാക്കളും കൈകൊണ്ട ദിർഘവീക്ഷണത്തിന്റെയും, ത്യാഗത്തിന്റെയും ഫലമായി ഇന്ന് നമ്മുടെ മക്കൾക്ക് നടന്നെത്താവുന്ന ദൂരത്തിൽ സ്കൂളുകളുണ്ട്, പല മേഖലകളിലും മികവുപുലർത്തുന്ന ഒരു ഉന്നതവിദ്യാലയവും ഉണ്ട്. സമൂഹത്തിന്റെ പല മേഖലകളിലും നിർണ്ണായക സ്വാധിനം ചെലുത്തിയിട്ടുള്ള പ്രഗത്ഭമതികളായ ഒട്ടനേകം വ്യക്തിത്വങ്ങളെ വാർത്തെടുക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുള്ളത് അഭിമാനിക്കാൻ വക നൽകുന്നു . നമ്മുടെ സ്കൂളുകളിൽ ജോലിചെയ്തിരുന്ന അധ്യാപകരുടെയും, നമ്മുടെ പള്ളികളിൽ സേവനം ചെയ്തി രുന്ന വൈദികരുടെയും, സാമൂഹ്യ പ്രവർത്തകരുടെയും നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായി മക്കളുടെ വിദ്യാഭാസത്തിൽ ഇന്ന് മാതാപിതാക്കൾ ശ്രദ്ധാലുക്കളാണെന്നുള്ളത് ഏറെ പ്രതീക്ഷ നൽകുന്നുണ്ട്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾക്ക് മുൻപുവരെ മക്കൾ പിതാക്കന്മാരുടെ തൊഴിലിലേയ്ക്ക് പോകുന്ന രീതിയാണിവിടെയുണ്ടായിരുന്നത്. ഇന്ന് നമ്മുടെ യുവ തലമുറ വൈവിധ്യമാർന്ന ചെറുതും വലുതുമായ പുതിയ പല തൊഴിൽ മേഖലകൾ സ്വയം കണ്ടെത്തി കേരളത്തിന് അകത്തും പുറത്തുമായി ജീവിതം കരുപ്പിടിപ്പിച്ചുകൊണ്ടിരിക്കുന്നു. മാന്യമായ വേതനം ലഭിക്കുന്നതിനോടൊപ്പം അകലത്തുള്ള മറ്റു കുടുംബങ്ങൾ/സമൂഹങ്ങളുടെ ഉയർന്ന ജീവിത നിലവാരം സ്വന്തം ജീവിത സാഹചര്യങ്ങളിലെക്കും എത്തിക്കാനുള്ള പ്രചോദനവും നൽകുന്നുണ്ട്.




നമ്മുടെ സമുദായത്തിൻറെ പൂർവ സ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ നാം ബഹുദൂരം എത്തിയിട്ടുണ്ട്. അപ്പോഴേയ്ക്കും നമുക്ക് ചുറ്റുമുള്ള മറ്റുസമുദായങ്ങൾ ഒരു ചുരുങ്ങിയ കാലം കൊണ്ട് നമ്മളെക്കാൾ മുന്നിലെത്തിക്കഴിഞ്ഞിരിക്കുന്നു. ഇതര സമുദായങ്ങൾ അടുത്തകാലത്ത് മാത്രം സ്ഥാപിച്ച പല സ്കൂളുകളും വിദ്യാർത്ഥികളുടെ എണ്ണത്തിലും ഭൗതിക സാഹചര്യങ്ങളിലും വളരെ മുന്നിലാണിന്നു.

## വിജയ ശതമാനവും വിഷയങ്ങളിലുള്ള അവഗാഹവും

സ്കൂളുകളുടെ വിജയ ശതമാനമാണ് സാധാരണയായി വിദ്യാഭ്യാസ നിലവാരത്തിന്റെ അളവുകോലായി നാം കണക്കാക്കാറുള്ളത്. നമ്മുടെ പല സ്കൂളുകളും പത്താം ക്ളാസ് പരീക്ഷയിൽ നൂറു ശതമാനം വിജയം കരസ്ഥമാക്കിയതിന്റെ പത്ര വാർത്തകളും ആത്മനിർവൃതിയോടെ നാം വായിക്കാറുണ്ട്. കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് പൊതുവെ കേരളത്തിലെ സ്കൂളുകളിലെ വിജയശതമാനം കൂടിയിട്ടുണ്ട്. പക്ഷെ പഠിച്ച വിഷയങ്ങളിൽ അവർക്കു എത്ര മാത്രം അവഗാഹമുണ്ടെന്നു അന്വഷിച്ചാൽ ഫലം നിരാശാജനകമായിരിക്കും. നമ്മുടെ കുട്ടികളുടെ



ഭാഷാപഠനത്തിന്റെ കാര്യം മാത്രമെടുത്തത്താൽ മലയാളവും ഇംഗ്ലീഷും നന്നായി വായിക്കുവാനും എഴുതാനും അറിയാവുന്ന കുട്ടികൾ എത്ര ശതമാനമുണ്ടാകും? എന്റെ അറിവിൽ ഏകദേശം അമ്പതു ശതമാനത്തിനു താഴെ മാത്രം കുട്ടികൾക്ക് മാത്രമേ അപ്പർ+=! പ്രൈമറി ക്ളാസ്സിലെത്തുമ്പോൾ ഈ രണ്ടു ഭാഷകളും നന്നായി കൈകാര്യം ചെയ്യാനുള്ള കഴിവുനേടുന്നത്. ഭാഷയാണ് ഒരു കുട്ടിയുടെ അറിവിന്റെ വാതായനങ്ങൾ. പ്ലസ് ടു ക്ളാസ്സുകൾ മുതൽ, ഇഗ്ലീഷ് അദ്ധ്യായനഭാഷയായി മാറും. പല കുട്ടികളും പഠനത്തിൽ പിന്നാക്കം പോകുന്നതിന്റെ മുഖ്യ കാരണം ബോധന ഭാഷയിൽ വരുന്ന ഈ മാറ്റമാണ്. പൊതുവെ കുട്ടികൾ പഠനത്തിൽ മികവ് കിട്ടാത്തതിന്റെ ഉത്തരവാദിത്വം അധ്യാപകരുടെ തലയിൽ കെട്ടിവയ്ക്കുന്ന രീതിയാണ് നാം കൈക്കൊള്ളുന്നത്. ശരിയാണ്, ചില അധ്യാപകർ സ്വന്തം കടമ നിർവഹിക്കാത്തവരായി ഉണ്ടാകും. എന്നാൽ നമ്മുടെ സ്കൂളുകളിലെ ബഹുഭൂരിപക്ഷം അധ്യാപകരും അദ്ധ്യാപനത്തിൽ നല്ല ശ്രദ്ധ ചെലുത്തുന്നവരാണെന്നാണ് എന്റെ അനുഭവം. നമ്മുടെ മക്കൾ സ്കൂളിൽ നിന്ന് തിരിച്ചെത്തിയശേഷം മാതാപിതാക്കളും മുതിർന്നവരും അവരുടെ പഠനകാര്യങ്ങളെക്കുറിച്ച് എത്രമാത്രം ശ്രദ്ധിക്കുന്നുവെന്ന ആത്മപരിശോധന ആവശ്യമാണ്. മുപ്പതും നാല്പതും കുട്ടികൾ പഠിക്കുന്ന ക്ളാസിൽ അദ്ധ്യാപകന് ഓരോകുട്ടികളേയും പ്രത്യകം പ്രത്യകം ശ്രദ്ധിക്കാനുള്ള സമയം ലഭിക്കാറില്ല. മാതാപിതാക്കൾ സ്വന്തം കുട്ടികളുടെ പഠനകാര്യങ്ങളിൽ ഒരു മണിക്കൂറെങ്കിലും ശ്രദ്ധിച്ചാൽ കുട്ടികൾ പഠനത്തിൽ പിന്നാക്കം പോവില്ല. ഇതിനു പല മാതാപിതാക്കളും പറയാറുള്ള ന്യായം അവർക്കു എഴുത്തും വായനയും അറിയില്ലെന്നോ അതല്ലെങ്കിൽ, പകലന്തിയോളം പണിയെടുക്കുന്നതു കൊണ്ടു മക്കളെ ശ്രദ്ധിക്കാൻ സാധിക്കാതെ വരുന്നു എന്നൊക്കെയായിരിക്കും. ചിലരെങ്കിലും സ്കൂളിൽ നിന്നെത്തിയാലുടനെ മക്കളെ ട്യൂഷൻ ക്ളാസ്സുകളിലേയ്ക്ക് തള്ളിവിടുകയാണ് ചെയ്യാറുള്ളത്. ഇതും നമ്മളുടെ ഉത്തരവാദിത്തിൽ നിന്നുമുള്ള ഒളിച്ചോടൽ തന്നെ .

വീട്ടിലെത്തുമ്പോൾ കുട്ടികളുടെ പഠനന്തരീക്ഷമാണ് മറ്റൊരു പ്രധാന ഘടകം. ഇപ്പോൾ ഒട്ടുമിക്ക വീടുകളിലും വൈകുന്നേരം മുതൽ രാത്രി വരെ മുതിർന്നവരെല്ലാം TV സീരിയലിനു മുന്നിലായിരിക്കും.സ്വാഭാവികമായും കുട്ടികളും അക്കൂട്ടത്തിൽ ചേരും. പഠിക്കണമെന്ന് ആഗ്രഹമുള്ള കുട്ടികൾക്കുപോലും ഏകാഗ്രതയോടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കാനുള്ള അന്തരീക്ഷം പല കുടുംബങ്ങളിലും ഇന്ന്

ലഭിക്കാതായിട്ടുണ്ട്. ഇതൊന്നും പുതിയ കാര്യങ്ങളല്ല. പക്ഷേ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ നാം തയ്യാറാകുന്നില്ല. പ്രൈമറി ക്ളാസിൽ പഠിക്കുന്ന വിദ്യാർഥികളുള്ള വിടുകളിലെങ്കിലും ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസമികവിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കാൻ നമുക്ക് സാധിക്കും.

### ഓൺ ലയിൻ ക്ളാസ്സുകളും കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ഭാവിയും

കൊറോണയെന്ന സാംക്രമിക രോഗം ലോകമാകെ പടർന്നപ്പോൾ ക്ലസ്സ്മുറികളിൽ നിന്ന് വിദ്യാഭ്യാസം നമ്മുടെ വീടുകളിലേക്കും കുട്ടികളുടെ സ്വകാര്യതയിലേയ്ക്കും ചുരുങ്ങി കഴിഞ്ഞു. നാടെങ്ങും TV ചലഞ്ചും, മൊബൈൽ ചലഞ്ചും ആഘോഷിക്കുകയാണ്. നമ്മുടെ മുന്നിൽ ഇപ്പോൾ മറ്റു പോംവഴികൾ ഒന്നുമില്ലെന്നത് വാസ്തവമാണ്. ഇളം പ്രായത്തിലുള്ള കുട്ടികൾ എത്രമാത്രം കാര്യക്ഷമമായി ഉപയോഗിക്കുന്നു എന്നത് ഇനിയും നാം അറിയേണ്ടിയിരിക്കുന്നു. അധ്യാപകരുടെ മുന്നിലിരിക്കുമ്പോൾ തന്നെ ആദ്യത്തെ പതിനഞ്ചു മിനിറ്റുകൾ കഴിയുമ്പോൾ കുട്ടികളുടെ ഏകാഗ്രത കുറയും. അപ്പോൾ ഒരുമണിക്കൂർ നീളുന്ന ON LINE ക്ളാസ്സിൽ എത്രമാത്രം അവർക്കു ശ്രദ്ധിക്കാനാകും? ഇവിടെയും മാതാപിതാക്കളുടെയും മുതിർന്നവരുടെയും മേൽനോട്ടവും ശ്രദ്ധയും അനിവാര്യമാണ്. ആൺകുട്ടികൾ പലരും വളരെപ്പെട്ടന്ന് കമ്പ്യൂട്ടർ ഗെയിമുകളിലേയ്ക്കും അതുമല്ലെങ്കിൽ മറ്റുപല വിനോദങ്ങളിലേയ്ക്കും വഴിമാറിപ്പോകാൻ സാധ്യതകൾ ഏറെയാണ്. കുട്ടികളെ മരണവക്രത്തിലേയ്ക് നയിക്കുന്ന കമ്പ്യൂട്ടർ ഗെയിമുകളിൽ അകപ്പെട്ടു ഈയിടെ രണ്ടു കൗമാരക്കാരുടെ വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടതു നാം ഓർക്കുന്നുണ്ടാകും.

Whats App, Face Book പോലുള്ള നവ മാധ്യമങ്ങൾ യുവാക്കളെയാണ് ഏറ്റവും



കൂടുതൽ ആകർഷിച്ചിരുന്നത്. മണിക്കൂറുകളോളം ഇവർ ഇത്തരം മാധ്യമങ്ങളിൽ സംവദിച്ചു കൊണ്ടിരിക്കുന്നതും സാധാരണ കാഴ്ചയാണ്. ഇപ്പോൾ വീട്ടമ്മമാരും ഇതിന്റെ അടിമകളായി മാറിയിട്ടുണ്ട്. മാറുന്ന കാലഘട്ടത്തിനനുസരിച്ച് ലിംഗ ഭേദമില്ലാതെ നവമാധ്യമങ്ങൾ എല്ലാവരുടെയും കൈകളിൽ എത്തുന്നത് പുരോഗതിയുടെ ലക്ഷണമാണ്. ഇവിടെ പ്രസക്തമായ ചോദ്യം എന്തിനുവേണ്ടിയാണ് നാം ഈ മാധ്യമങ്ങൾ ഉപയോഗിക്കുന്നത്? പലപ്പോഴും ക്രിയാത്മകമായ കാര്യങ്ങൾക്കു വേണ്ടിയല്ല ബഹുഭൂരിപക്ഷംപേരും ഇവ ഉപയോഗിക്കുന്നത്. തന്മൂലം കുട്ടികളുടെ പഠനകാര്യങ്ങളിൽ നിന്നും നമ്മുടെ ശ്രദ്ധ വ്യതിചലിക്കുകയും കുട്ടികൾ അവരുടേതായ ഒരു ലോകത്തിൽ ഒതുങ്ങുകയും ചെയ്യുന്നു. കുട്ടികളുടെ പഠനവും അവരുടെ ബൗദ്ധികവളർച്ചയും നമ്മുടെ പ്രഥമ പരിഗണനാവിഷയമായാൽ മാത്രമേ ഇതിനൊരു മാറ്റമുണ്ടാകുകയുള്ളു.

### വിദ്യാർഥികളുടെ കൊഴിഞ്ഞു പോക്ക്

സർക്കാർ സഹായമുള്ള സ്കൂളുകളിൽ (Aided Schools) വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നതിനാൽ പലപ്പോഴും നമ്മുടെ




പല സ്കൂളുകളിലും ഒരു ഡിവിഷൻ തന്നെ ഇല്ലാതാകുന്നുണ്ട് (Division fall ). അതെ സമയം രൂപതയിലെ ചില സന്യാസ സഭകൾ നടത്തുന്നതും, രൂപത തന്നെ നേരിട്ട് നടത്തുന്നതുമായ സർക്കാർ സഹായമില്ലാത്ത സ്കൂളുകൾ (Unaided) അനുദിനം വളരുകയും ചെയ്യുന്നു. പലപ്പോഴും ഇത്തരം സ്കൂളുകളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ ഇല്ലാത്തവരായിരിക്കും പഠിപ്പിക്കുന്നത്. മധ്യവേനലവധിക്കാലത്ത് അദ്ധ്യാപകർ അവരവരുടെ സ്കൂളുകളിൽ ചേർക്കുവാനായി കുട്ടികളെ അന്വേഷിച്ചിറങ്ങുന്ന കാഴ്ച നമ്മുടെ ഗ്രാമങ്ങളിൽ സർവ സാധാരണമാണ്. ഇവർ ആകർഷമായ പല വാഗ്ദാനങ്ങളും ഉറപ്പുകളും കുട്ടികൾക്കും മാതാപിതാക്കൾക്കും നൽകാറുമുണ്ട്. ഉദാഹരണത്തിന് കുട്ടികളുടെ യാത്രാസൗകര്യത്തിനായി അധ്യാപകരുടെ ചിലവിൽ ബസ്സുകൾ ഏർപ്പാടാക്കി കൊടുക്കുന്നുണ്ട്. ഇത് ശ്ളാഹനീയമായ കാര്യമാണ്. തങ്ങൾക്കു ലഭിക്കുന്ന വേതനത്തിന്റെ ഒരു പങ്കു അവർ പഠിപ്പിക്കുന്ന കുട്ടികൾക്കായി ചെലവഴിക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷെ, ഇത്തരം പ്രവർത്തനങ്ങൾ നമ്മുടെ സ്കൂളുകൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാര മാണോ എന്ന ചോദ്യം അപ്പോഴും ബാക്കി നിൽക്കുന്നു.

Aided സ്കൂളുകൾ ഉപേക്ഷിച്ച് താരതമ്യേന പണച്ചിലവ് കൂടിയ unaided സ്കൂളുകളിലേക്ക് പോകുന്നതിനു പലകാരണങ്ങളും ഉണ്ടാകും. Unaided സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ മികവ്, അധ്യാപനത്തിൻറെ ആകർഷകത്വം, പഠ്യേതര പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങൾ, മികച്ച അച്ചടക്കം, ഉന്നത വിദ്യാഭ്യാസത്തിനു പ്രവേശനം ലഭിക്കാനുള്ള കൂടിയ സാദ്ധ്യതകൾ, മെച്ചപ്പെട്ട തൊഴിൽ നേടാനുള്ള സാദ്ധ്യതകൾ എന്ന് തുടങ്ങി പലതുമാകാം. ഇതൊന്നുമല്ലാതെ ചിലപ്പോഴെങ്കിലും ഒരു തരം സ്വകാര്യ അഹങ്കാരത്തിന്റെ (Prestige) ഭാഗമായും മാതാപിതാക്കൾ ഇത്തരം തീരുമാനങ്ങൾ എടുക്കാൻ സാധ്യതയുണ്ട്. നമ്മുടെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ നൈപു




ണ്യങ്ങൾ വികസിപ്പിക്കാനായി (Skill development) സ്കൂൾതലത്തിലും കോളേജ് തലത്തിലും എന്തൊക്കെ കാര്യങ്ങൾ ചെയ്യുന്നുണ്ട്, എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാകും. ഇവയെ കുറിച്ചെല്ലാം വിശദമായ പഠനങ്ങൾല ആവശ്യമാണെന്ന് തോന്നുന്നു.

### മാറിയ വിദ്യാഭ്യാസവും പുത്തൻ സാദ്ധ്യതകളും

ഇന്ന് അറിവിന്റെ എല്ലാമേഖലകളിലും സ്ഫോടനാത്മകമായമാറ്റങ്ങളാണ്സംഭവിച്ചുകൊണ്ടിരിക്കന്നത്. പുസ്തകങ്ങളെ മാത്രം അറിവിന്റെ ശ്രോതസ്സുകളായി പരിഗണിച്ചിന്നതിന് ഇന്ന് മാറ്റം സംഭവിച്ചു . ഏതെങ്കിലും ഒരുവിഷയത്തെക്കുറിച്ച് അറിയണമെങ്കിൽ വർത്തമാനകാലത്ത് നമ്മൾ പ്രധാനമായും internet നെയാണ് ആശ്രയിക്കുന്നത്. ഞൊടിയിടയിൽ നമ്മുടെ സ്ക്രീനിൽ തെളിയുന്ന വിവരങ്ങളുടെ (data or information) കുത്തൊഴുക്കിൽ ശരിയേത് തെറ്റേത് എന്ന് തിരിച്ചറിയാൻ പോലും സാധിക്കാത്ത അവസ്ഥയുമുണ്ടാകാറുണ്ട്. Text book കളെ മാത്രം ആശ്രയിച്ചുള്ള അധ്യാപനരീതി പലപ്പോഴും തെറ്റായതോ, പാതിമാത്രം ശരിയായതോ ആയ വിവരങ്ങൾ അയിരിക്കും അദ്ധ്യാപകർ കുട്ടികളിലെത്തിക്കുന്നു. സ്കൂൾ തലത്തിൽ ഇത് വലിയ പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ലെകിലും ഉന്നത വിദ്യാഭ്യാസരംഗത്ത് ദോഷകരമായുള്ള സാധ്യതകൾക് വഴിമരുന്നിടും. വിദ്യാഭ്യാസ മേഖല ശാസ്ത്രസാങ്കേതിക വിദ്യകളെ സമർത്ഥമായി സമന്വയിപ്പിച്ചതോടെ അറിവിന്റെ പുത്തൻ മേഖലകളെ വിദ്യാർത്ഥികളെ പരിചയപ്പെടുത്താൻ അധ്യാപകന് കഴിയുന്ന അവസരം ഇന്നുണ്ട്

സമുദായത്തിന്റെ സമഗ്ര വിദ്യാഭ്യസ വികസനത്തിനും സാമൂഹ്യസാമ്പത്തിക പുരോഗതിക്കും നമ്മുടെ സമൂഹത്തിന്റെ കാഴ്ചപാടുകളിലും, ചിന്താരീതികളിലും,മുൻഗണനകളിലും (Priority) കാതലായ മാറ്റങ്ങൾ സംഭവിച്ചാൽ മാത്രമേ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകക്രമത്തിൽ ഇനിയും പിന്നാക്കക്കാരാകാതെ പിടിച്ചുനിൽക്കാൻ നമുക്കാകൂ. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, അദ്ധ്യാപനപഠനരീതികളിൽ പുത്തൻ സാങ്കേതികവിദ്യകളെ വേണ്ടരീതിയിൽ സമന്വയിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം വലിയ സാമ്പത്തിക മുതൽ മുടക്കു ആവശ്യമുള്ള കാര്യങ്ങളാണ്. ഇതെല്ലാം രൂപതാ നേതൃത്വത്തിന്റെയോ, വൈദികരുടെയോ സമുദായ നേതാക്കളുടെയോ മാത്രം ഉത്തരവാദിത്തമാണെന്ന നമ്മുടെ ചിന്താരീതിയാണ് ആദ്യം മാറ്റേണ്ടത്. പൂർവകാലത്ത് നമ്മുടെ പല സ്ഥാപനങ്ങളെയും വളർത്തുന്നതിൽ വിദേശ സഹായം കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ രാഷ്ട്രീയ സാഹചര്യം സമൂലമായി മാറിക്കഴിഞ്ഞു. വലിയതോതിൽ വിദേശസഹായം ലഭിക്കാനുള്ള സാധ്യതകളും വിരളമായി. ഇന്നലകളെ താലോലിച്ചും പഴിചാരിയുമുള്ള സ്ഥിരം ശൈലി ഉപേക്ഷിക്കേതുണ്ട്. വർത്തമാനത്തിന്റെ ചുവരെഴുത്തകൾ വായിച്ചും ഭാവിയിലെ സ്വപ്നങ്ങൾ സ്വന്തമാക്കിയും മുന്നേറണം.ഇനി ഈ സമൂഹത്തിന്റെ പുരോഗതിയെ നിശ്ചയിക്കേണ്ട ബാധ്യത നമ്മളോരുത്തരിലും നിക്ഷിപ്തമാണ്. . ഈ ഉത്തരവാദിത്വം നമ്മൾ എങ്ങനെ നിറവേറ്റും എന്നതിനെ ആശ്രയിച്ചായിരിക്കും വരും തലമുറയുടെ ഭാവി നിശ്ചയിക്കപ്പെടുന്നത്.

സി. ജോയിസ് പീറ്റർ




# വി.ജൊവാക്കിമും വി.അന്നയും

ജൊവാക്കിം ധനികനും ഭക്തനും ധർമ്മശീലനും ആയിരുന്നു. അദ്ദേഹം ദരിദ്രരെ നിരന്തരം സഹായിക്കുകയും ചെയ്തിരുന്നു. ജീവിത പങ്കാളിയായ അന്നയാകട്ടെ ദൈവപരിപാലനക്കൊത്ത് ജീവിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം ജെറുസലേം ദേവാലയത്തിൽ കാഴ്ച അർപ്പിക്കാൻ ചെന്ന ജൊവാക്കിമിന്റെ കാഴ്ചവസ്തു പുരോഹിതൻ സ്വീകരിച്ചില്ല. എന്തെന്നാൽ ജൊവാക്കിമിന് സന്താനസൗഭാഗ്യം ഇല്ലാത്തതായിരുന്നു കാരണം. അന്നത്തെ വിശ്വാസം അനുസരിച്ച് ഒരാൾക്ക് സന്താനഭാഗ്യമില്ലെങ്കിൽ അതിന്റെ കാരണം ദൈവകോപം ഉള്ളതുകൊണ്ടാണെന്നതാണ്. ഈ തിരസ്കരണത്തിൽ മനംനൊന്ത് ജൊവാക്കിം മരുഭൂമിയുടെ പ്രാന്തപ്രദേശങ്ങളിൽ 40 ദിവസം ഉപവാസത്തിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടി.

ഇതേസമയം അന്നയുടെ അവസ്ഥയും ഇതുതന്നെയായിരുന്നു. നാട്ടിലെ സ്ത്രീകളിൽ നിന്നും പരിഹാസം സ്വീകരിക്കേണ്ടിവന്ന ഭർത്താവിനെ കാണാതെ ഹൃദയ വേദനയിലും ഉപവാസത്തിലും പ്രാർത്ഥനയിലും വീട്ടിനുള്ളിൽത്തന്നെ അന്നയും ഇരുന്നു. അങ്ങനെ ഒരു ദിവസം ഒരേ സമയത്ത് അപ്രതീക്ഷിതമായി ദൈവദൂതൻ ജൊവാക്കിമിനും അന്നക്കും പ്രത്യക്ഷപ്പെടുകയും ഒരു സന്താനത്തെ വാഗ്ദാനം ചെയ്യുകയും ചെയ്തു.

ദൈവപ്രീതിയിൽ തിരികെ ജെറുസലേമിൽ എത്തിയ ജൊവാക്കിം ദൈവദൂതൻ പറഞ്ഞത് അനുസരിച്ച് നഗര കവാടത്തിൽ വെച്ച് അന്നയെ കാണുകയും പരസ്പരം ആലിംഗനം ചെയ്യുകയും ചെയ്തു. അവർ ഒരുമിച്ച് ദേവാലയത്തിൽ പ്രവേശിച്ച് ദൈവത്തിനു നന്ദി പറഞ്ഞു.

ജൊവാക്കിമും അന്നയും തങ്ങളുടെ പൊന്നോമനയുടെ വരവിനായി പ്രാർത്ഥനയോടും ത്യാഗത്തോടും കൂടി കാത്തിരുന്നു . പൊന്നോമന പുത്രിയെ ദൈവം തിരഞ്ഞെടുത്തതാണ് എന്നുള്ള തിരിച്ചറിവ് വൃദ്ധഹൃദയങ്ങളെ വളരെയധികം ആത്മീയസന്തോഷത്തിൽ എത്തിച്ചു. എങ്കിലും അവർ ദൈവത്തോട് കൂടുതൽ നന്ദിയുള്ള വരും അവിടുത്തെ മുൻപിൽ ഏറ്റവും എളിമയുള്ളവരുമായി മാറി. ഇന്ന് സ്വന്തം മക്കളുടെ ചെറിയൊരു നേട്ടത്തിലും ഉയർച്ചയിലും സ്വയം അഹങ്കരിക്കുകയും സന്തോഷിക്കുകയും



ചെയ്യുന്ന മാതാപിതാക്കൾ പരിശുദ്ധ കന്യകാമറിയത്തിന്റെ മാതാപിതാക്കളെ മാതൃകയാക്കേണ്ടതാണ്.

പാരമ്പര്യ വിശ്വാസമനുസരിച്ച് വാർദ്ധക്യത്തിൽ ഒരു മാതാവിൽ ജനിക്കുന്ന കുഞ്ഞ് വലിയൊരു ദൈവിക പദ്ധതിക്കുവേണ്ടി നിയോഗിക്കപ്പെട്ടതും വിധിക്കപ്പെട്ടതുമാണ്. അതിനുദാഹരണമാണ് സാമുവൽ പ്രവാചകന്റെ അമ്മ ഹന്നായും സ്നാപകയോഹന്നാന്റെ അമ്മ എൽസബത്തും. അതിനാൽ പരിശുദ്ധ കന്യകാമറിയത്തിന്റെ മാതാപിതാക്കൾ സുവർണ്ണ ഇതിഹാസം രചിച്ചവർ ആയി മാറുന്നു.

തങ്ങളുടെ അസാധാരണ പുത്രിയുടെ ആഗമനത്തിൽ ജൊവാക്കിമും അന്നയും അത്യധികം അധ്യാത്മികാനന്ദം അനുഭവിച്ചു. പാപരഹിതയും നിർമ്മലയുമായ മറിയത്തിന്റെ ജനനം മാതാപിതാക്കൾക്ക് ആനന്ദകരമായിരുന്നു. ഒപ്പം തന്നെ ദൈവാനുഗ്രഹം നിറഞ്ഞതുമായിരുന്നു. വാർദ്ധക്യത്തിൽ ജനിച്ച മകളെ വളരെ വാത്സല്യത്തോടു കൂടിയാണ് അവർ വളർത്തിയത്.

യഹൂദ പാരമ്പര്യമനുസരിച്ച് യഹൂദ ശിശുക്കൾ ദേവാലയത്തിൽ പുരോഹിതന്മാരുടെ മേൽനോട്ടത്തിൽ ശിക്ഷണം സ്വീകരിച്ച് ശിശുഗൃഹത്തിൽ താമസിക്കുന്ന ഒരു പതിവുണ്ട്. അതനുസരിച്ച് തന്റെ മകളെ മൂന്ന് വയസ്സുള്ളപ്പോൾ മാതാപിതാക്കൾ ദേവാലയത്തിൽ കാഴ്ച വച്ചു. അങ്ങനെ നിർമ്മല ശിശുവിൽ നിന്നും ലഭിക്കാമായിരുന്ന ആനന്ദം അന്ന ദൈവത്തിനു മുന്നിൽ കാഴ്ചവച്ചു. മറിയത്തിന്റെ അമ്മയായതു കൊണ്ട് മാത്രമല്ല തന്റെ വത്സല പുത്രിയെ ദൈവത്തിന് കാഴ്ചവച്ച വിട്ടുകൊടുക്കലിന്റെ മഹിമ കൂടി അന്നയെന്ന അമ്മയെ ശ്രേഷ്ഠതയുള്ളവളാക്കി മാറ്റുന്നു.

തങ്ങളുടെ മക്കളുടെ കഴിവുകൾ വളർത്തി എടുക്കുന്നതിന് വേണ്ടി ഞായറാഴ്ചത്തെ വേദപാഠവും പരിശുദ്ധ കുർബാനയും മുടക്കുന്നതിന് തങ്ങളുടെ മക്കൾക്ക് കൂട്ടുനിൽക്കുകയും മക്കളോടുള്ള വാൽസല്യം നിമിത്തം തങ്ങളുടെ മക്കളെ സഭാ ശുശ്രൂഷക്ക് വിട്ടുകൊടുക്കാതിരിക്കുകയും ചെയ്യുന്ന മാതാപിതാക്കൾക്ക് വിശുദ്ധ ജൊവാക്കിമും വിശുദ്ധ അന്നയും വലിയ മാതൃകയാണ് നൽകുന്നത്.

ക്രിസ്തീയ കുടുംബങ്ങളുടെ മദ്ധ്യസ്ഥയാണ് വിശുദ്ധ അന്ന. പരിശുദ്ധ കന്യകാമറിയം നമ്മുടെ അമ്മയാണെങ്കിൽ വിശുദ്ധ അന്ന നമ്മുടെ അമ്മാമ്മയുമാണ്. ഏതു പ്രതിസന്ധിയിലും ദൈവത്തിലാശ്രയിച്ച് അതിനെ തരണം ചെയ്യാൻ വിശുദ്ധ ജൊവാക്കിമും വിശുദ്ധ അന്നയും നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിൽ പങ്കാളികളാകാൻ അവർ നമ്മെ ക്ഷണിക്കുന്നു. തിരുസ്സഭ ജൂലൈ 26 ഇവരുടെ തിരുന്നാളായി ആചരിക്കുന്നു.

എല്ലാ മാതാപിതാക്കൾക്കും വിശുദ്ധ ജൊവാക്കിമിന്റെയും വിശുദ്ധ അന്നയുടേയും തിരുനാൾ ആശംസകൾ നേരുന്നു.

സി.ജോളി ജോസഫ് എസ്.വി.സി
ലിസ്യൂക്സ് നിവാസ്

# അപ്പമായി മാറിയവന് അപ്പനായ്ത്തീർന്നവൻ



മരങ്ങളായ മരങ്ങളൊക്കെ കൊണ്ട വെയിലാണ് യൗസേപ്പിതാവെന്ന ഈ തണൽമരം. അപ്പനെന്ന ഒരു തണൽമരം നമ്മുടെ കുടുംബങ്ങളിൽനിന്ന്കൊണ്ട്കൊള്ളുന്നപൊള്ളുന്നവെയിലിന്റെ ഫലമാണ് കുടുംബത്തിലെ മറ്റുള്ളവർ അനുഭവിക്കുന്ന തണലും തണുപ്പും.

കുടുംബത്തിൽ സുരക്ഷിതത്വവും സമാധാനവും വളർച്ചയും ഉണ്ടെങ്കിൽ അതിനു പിന്നിൽ വിയർക്കുന്ന അപ്പന്റെ അധ്വാനവും വേദനയും നൊമ്പരവും എല്ലാം അലിഞ്ഞു ചേർന്നിരിക്കുന്നുവെന്ന് നാം ഓരോരുത്തരും അറിയണം.

ഇതൊക്കെ നമുക്ക് അറിയാമെങ്കിലും അധികം വാഴ്ത്തലുകൾ നാം ഒരിക്കലും അപ്പനു നൽകാറില്ല. ഇതൊക്കെ നമുക്ക് ചെയ്തു തരേണ്ടതല്ലേ? എന്നൊരു ചിന്തയാണ് നമുക്കെല്ലാം ഉള്ളത്. തന്റെ കർമ്മങ്ങളെല്ലാം വളരെ നിശ്ശബ്ദമായി ചെയ്തു പോകുന്ന യൗസേപ്പിതാവിനെയാണ് നമുക്ക് സുവിശേഷത്തിലെല്ലാം കാണുവാൻ സാധിക്കുന്നത്. മനുഷ്യന്റെ രക്ഷയ്ക്കായി ജീവന്റെ അപ്പമായ് മാറേണ്ടവന് അപ്പനായി തീർന്നവനാണ് നമ്മുടെ യൗസേപ്പിതാവ്.

ജോസഫ് എന്ന പദത്തിന്റെ അർത്ഥം വളർന്നുവന്നവൻ കൂടെച്ചേർക്കുന്നവൻ എന്നൊക്കെയാണ്. ജീവിതത്തിലേക്ക് കടന്നു വരേണ്ട




പെൺകുട്ടിയെ ഉപേക്ഷിക്കേണ്ട ഒരു സാഹ ചര്യം വന്നിട്ടും അവളുടെ ഒപ്പം നിന്ന് ചിന്തിച്ച് തന്റെ കൂടെ ചേർത്ത് പിടിച്ചവൻആണ് ജോസഫ്. അവളുടെ അല്ലെങ്കിൽ അവന്റെ കൂടെചേർന്നു നിന്നാൽ എനിക്ക് എന്ത് കിട്ടും? അല്ലെങ്കിൽ എന്റെ ലാഭവിഹിതം എത്ര ? എന്ന് നാം ഒക്കെ ഉറക്കെ ചിന്തിക്കുന്ന കാലഘട്ടത്തിൽ യൗസേപ്പിതാവിന്റെ ഈ കർമ്മം മഹനീയ സ്ഥാനത്തു തന്നെ നിൽക്കുന്നു.

പരിശുദ്ധ മറിയത്തിന്റെ വ്യാകുലങ്ങളെക്കുറിച്ച് നാം ചിന്തിക്കുന്നുണ്ട്.അപ്പോഴൊക്കെ നാം മറന്നുപോകുന്ന ഒരു കാര്യമുണ്ട്. പരിശുദ്ധ മറിയത്തിന് വലിയ വേദനകളെല്ലാം ഉണ്ടായപ്പോഴൊക്കെ ഒപ്പം നിന്ന് ആ വേദനയെ അതിജീവിക്കാൻ മറിയത്തിന് താങ്ങായിത്തീർന്നവനാണ് ജോസഫ്. പൂർണ്ണ ഗർഭിണിയായ ഭാര്യയേയും കൊണ്ട് യാത്ര ചെയ്യുമ്പോഴും, അവൾക്ക് പ്രസവിക്കാൻ ഒരു ഇടം കിട്ടാതെ കാലിത്തൊഴുത്തിൽ അവൾ കുഞ്ഞിന് ജന്മം നൽകുമ്പോഴും, എല്ലാം ഉത്തരവാദിത്തപ്പെട്ട ഒരു ഭർത്താവ് എന്ന നിലയിൽ ജോസഫ് അനുഭവിക്കുന്ന വേദന വളരെ വലുതാണ്. കുഞ്ഞിന്റെ സുരക്ഷിതത്ത്വത്തിനായി ഈജിപ്തിലേക്ക് പോയി അവിടെ താമസിച്ചപ്പോഴും, തിരികെ നാട്ടിലേക്ക് വന്ന് ജീവിതം കരുപ്പിടിപ്പിക്കാൻ തുടങ്ങിയപ്പോഴും എല്ലാം ജോസഫ് എന്ന വൻമരം വിരിച്ച തണൽ മറിയത്തിനേകിയ തണുപ്പ് വളരെ വലുതായിരുന്നു. എന്തു കൊടുത്താലും ജോസഫ് എന്ന അപ്പന്റെ വിയർപ്പിനെ വിലക്ക് വാങ്ങാൻ കഴിയില്ല. ആ വിയർപ്പിനു മുന്നിൽ പ്രാർത്ഥനയുടെ കൂപ്പുകൈയ്യുമായി മാത്രമേ നമുക്ക് നൽകുവാൻ സാധിക്കൂ. ഈ ഭൂമിയിൽ അധ്വാനത്തെ ജീവിതഗന്ധിയാക്കി വിയർപ്പിന്റെ സംഗീതത്തെ പൂമഴയായി കുടുംബ ങ്ങളിലേക്ക് പെയ്തിറക്കിയവനാണ് ജോസഫ്. ഈ പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ച് പരിപാലിച്ച് രക്ഷിച്ച ദൈവം ജോസഫ് എന്ന കഠിനാധ്വാനിയെ വിളിച്ചത് 'അപ്പ' എന്നാണ് .അതുകൊണ്ട്തന്നെ ജോസഫ് നമ്മുടെയും അപ്പനാണ്.അതേ.... ഈ വർഷം തിരുസ്സഭ യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കുമ്പോൾ നമുക്ക് സ്നേഹത്തോടെ യൗസേപ്പിതാവേയെന്ന് നമ്മുടെ അപ്പനെ വിളിക്കാം.



സ്നേഹ.കെ.എഫ്,
കുരിശുങ്കൽ




# റോബിൻസൺ ക്രൂസോ...

## പ്രത്യാശയുടെ പൊൻകിരണം

ഇംഗ്ലീഷ് നോവലിസ്റ്റ് ഡാനിയ ഡിഫോ യുടെ ഏറ്റും മഹത്തായ കൃതികളിൽ ഒന്നായി വിശേഷിപ്പിക്കപ്പെടുന്ന നോവലാണ് റോബിൻസൺ ക്രൂസോ. റോബിൻസൺ ക്രൂസോ എഴുതുന്ന ഒരു ഡയറിയായിട്ടാണ് ഈ കഥ മുന്നോട്ടു പോകുന്നത്.

ഒറ്റപ്പെട്ട ഒരു ദ്വീപിൽ ഇരുപത്തിയെട്ടു വർഷങ്ങളോളം ഏകാന്ത വാസം നയിക്കേണ്ടിവന്ന റോബിൻസൺ ക്രൂസോയുടേ കഥയാണിത്. കടലി നോടുളള ക്രൂസോയുടെ അടുപ്പം കഥയിലുടനീളം ദൃശ്യമാണ്.



കടലിനോടുള്ള ആഭിമുഖ്യം ക്രൂസോക്ക് അത്രമേൽ പ്രിയപ്പെട്ടത് ആയതുകൊണ്ടാണ് സ്നേഹിതനോടൊപ്പം അദ്ദേഹം ലണ്ടനിലേക്ക് കപ്പൽ യാത്ര നടത്തിയത്. എന്നാൽ കൊടുങ്കാറ്റും പേമാരിയും മൂലം യാത്ര തടസ്സപ്പെടുന്നുണ്ടായിരുന്നെങ്കിലും മനസ്സിലെ ധൈര്യം ക്രൂസോയെ മുന്നോട്ട് നയിച്ചുകൊണ്ടിരുന്നു. യാത്രയിൽ എല്ലാവരും കൊള്ളക്കാരുടെ കൈകളിൽ അകപ്പെട്ടെങ്കിലും ദൈവത്തിന്റെ കരസ്പർശം ക്രൂസോയുടെമേൽ ഉണ്ടായിരുന്നു. ഒരു പാട് ദ്വീപുകളിലൂടെ അദ്ദേഹം കടന്നു പോവുകയും ഒരു പാട് അനുഭവങ്ങളിലൂടെ സഞ്ചരിക്കുകയും ചെയതു. അദ്ദേഹം കപ്പൽ യാത്രകൾക്കിടയിൽ അതിസാഹസികമായി രക്ഷപ്പെടുന്ന സന്ദർഭങ്ങൾ വായനക്കാരനെ ഉദ്വേഗഭരിതരാക്കുകയും ചെയ്യുന്നു. എല്ലാ യാത്രകളിലും തളരാതെ പുതിയ പുതിയ സങ്കേതങ്ങൾ കുണ്ടുപിടിക്കുകയും ജീവിതത്തോട് പോരാടുകയും ചെയ്യുന്ന കാഴ്ച ആധുനിക തലമുറക്ക് പ്രചോദനമായി മാറുന്നു.

കപ്പൽ യാത്രയിൽ നിന്ന് രക്ഷപ്പെട്ട ക്രൂസോ ഏകാന്തമായ ഒരു ദ്വീപിൽ മനുഷ്യന്റെ സഹവാസം ഇല്ലാതെ ഇരുപത്തിയെട്ട് വർഷങ്ങളോളം കഴിയേണ്ടി വന്നു. ഈ ഏകാന്തവാസത്തിൽ അദ്ദേഹം ദൈവത്തോട് കൂടുതൽ അടുക്കുകയും ദൈവവുമായുള്ള ആഴമേറിയ ബന്ധത്തിലാവുകയും ചെയ്യുന്നു. ഏകാന്തവാസങ്ങളിലായിരുന്ന സമയങ്ങളിലെല്ലാം അദ്ദേഹം ചെയ്തു കൂട്ടിയ പാപങ്ങൾക്കായി പരിഹാരം ചെയ്യുകയും ദൈവത്തോട് കൂടുതൽ പ്രാർത്ഥനയിൽ അടുക്കുകയും ചെയ്തു.



മനുഷ്യരുടെ സഹവാസം ഇല്ലാതിരുന്ന ആ ദ്വീപിൽ മൃഗങ്ങളെയും പക്ഷികളെയും ഇണ ചേർത്ത് ക്രൂസോ വളർത്തി, തന്റെ സഹചാരികളാക്കി മാറ്റി. പരാജയങ്ങളിൽ തളരാതെ വീണ്ടും കർമ്മനിരതമായി പരിശ്രമിച്ച് വിജയം കണ്ടെത്തുന്ന ഒരു വ്യക്തിയായി ക്രൂസോ മാറുന്നു.

ഏകാന്തവാസങ്ങളിൽ ഉടനീളം സർവ്വ ശക്തിയും നൽകിയ ദൈവത്തിലൂടെയും വിശുദ്ധ ഗ്രന്ഥത്തിലൂടെയും ക്രൂസോ പുതിയ മനുഷ്യനായി മാറുന്നു. നിരന്തരമായ വിശുദ്ധഗ്രന്ഥ പാരായണത്തിലൂടെ നിരാശയെ പൂർണ്ണമായും മനസ്സിൽ നിന്നൊഴിവാക്കുവാൻ ക്രൂസോക്ക് സാധിച്ചു. പകരം പ്രത്യാശയുടെ പൊൻ കിരണങ്ങൾ ആ മനസ്സിൽ പുതിയ പ്രഭാതത്തെ നൽകി.

## പുസ്തക പരിചയം

ദ്വീപിലെ ഇരുപത്തെട്ടു വർഷങ്ങളിലുള്ള ശാരീരികാധ്വാനങ്ങൾക്കിടയിലും ആത്മീയതയുടെ പടവുകളിലൂടെ ക്രൂസോ സഞ്ചരിച്ചു കൊണ്ടിരുന്നു. ഏകാന്തമായ ആ ദ്വീപി ലെ വാസങ്ങൾക്കിടയിലും മനുഷ്യനില്ലാതിരുന്നിട്ടും തരിശായ ഭൂമിയെ ക്രൂസോ അദ്ദേഹത്തിന്റെ അധ്വാനത്തിലൂടെ വലിയ ഫലസമൃദ്ധമാക്കിമാറ്റിക്കൊണ്ട് യഥാർത്ഥമായ ജീവിതം മാനവരാശിക്ക് പങ്കുവച്ചു.



ഫ്രൈഡേ എന്നയാളെ നരഭോജികളിൽ നിന്നു രക്ഷിച്ച അതിസാഹസികമായ രംഗം നോവലിനെ അവസാനം വളരെ മികവുറ്റതാക്കിത്തീർക്കുന്നു. തന്റെ ജീവിതത്തെത്തന്നെ പൂർണ്ണമായും മാറ്റിമറിച്ച വിശുദ്ധ ഗ്രന്ഥം വായനക്കാരനിൽ പുതിയ പ്രത്യാശയായി മാറുന്നു. ബൈബിൾ വായനയിലൂടെയും പ്രാർത്ഥനയിലൂടെയും പുതിയ മനുഷ്യനായിത്തീർന്ന ക്രൂസോ ആധുനിക തലമുറയുടെ ആവേശമായിത്തീരുന്ന സുന്ദരമായ കാഴ്ചയാണ് റോബിൻസൺ ക്രൂസോയെന്ന നോവലിനെ അർത്ഥവത്താക്കിത്തീർക്കുന്നത്.

## സൃഷ്ടികൾ




എവിലിൻ റിഗാർഡ്സൺ
അത്തിപ്പൊഴിൽ




അനിറ്റ് മേരി ജോസ്സിൻ
കോയിൽപ്പറമ്പിൽ

# ST. ANDREW'S BASILICA BCC, MONTH: JULY, 2021


| BCC No. | ANIMATORS | DATE | BCC No. | ANIMATORS | DATE |
|---|---|---|---|---|---|
| A-1 | THOMAS | 2/8 | B-1 | JOSELIN | 11/8 |
| A-2 | ANTACHAN | 2/8 | B-2 | THOMAS | 11/8 |
| A-3 | XAVIER | 2/8 | B-3 | SEASTH | 11/8 |
| A-4 | ADRIN | 2/8 | B-4 | XAVIER | 11/8 |
| A-28 | AMAR | 3/8 | B-5 | JOSEKUTTAN | 12/8 |
| A-5 | JOY | 3/8 | B-6 | SEBASTIAN | 12/8 |
| A-6 | SEBASTIAN | 3/8 | B-7 | ANTACHAN | 12/8 |
| A-7 | AUGUSTINE | 3/8 | B-8 | AMAR | 12/8 |
| A-8 | JOLLY AMAR | 4/8 | B-9 | JOLLY AMAR | 13/8 |
| A-9 | JOSELIN | 4/8 | B-10 | ADRIN | 13/8 |
| A-10 | THOMAS | 4/8 | B-11 | JOY | 13/8 |
| A-11 | ANTACHAN | 4/8 | B-12 | AUGUSTIN | 13/8 |
| A-12 | XAVIER | 5/8 | B-13 | JOSELIN | 16/8 |
| A-13 | ADRIN | 5/8 | B-14 | THOMAS | 16/8 |
| A-14 | AMAR | 5/8 | B-15 | SEASTH | 16/8 |
| A-15 | AUGUSTIN | 5/8 | B-16 | XAVIER | 16/8 |
| A-16 | JOLLY AMAR | 6/8 | B-17 | JOSEKUTTAN | 17/8 |
| A-17 | AUGUSTINE | 6/8 | B-18 | SEBASTIAN | 17/8 |
| A-18 | JOSELIN | 6/8 | B-19 | ANTACHAN | 17/8 |
| A-19 | SEBASTIAN | 6/8 | B-20 | AMAR | 17/8 |
| A-20 | SEASTH | 9/8 | B-21 | JOLLY AMAR | 18/8 |
| A-21 | ANTACHAN | 9/8 | B-22 | ADRIN | 18/8 |
| A-22 | XAVIER | 9/8 | B-23 | JOY | 18/8 |
| A-23 | THOMAS | 9/8 | B-24 | JOSELIN | 18/8 |
| A-24 | ADRIN | 10/8 | B-25 | AUGUSTIN | 19/8 |
| A-25 | AMAR | 10/8 | B-26 | SEASTH | 19/8 |
| A-26 | JOY | 10/8 | B-27 | AMAR | 19/8 |
| A-27 | JOLLY AMAR | 10/8 | | | |

BASIC CHRISTIAN COMMUNITIES
DIOCESE OF ALLEPPEY

# സ്നേഹ സമൂഹം

## കുടുംബങ്ങളുടെ കൂട്ടായ്മ

### യൗസേപ്പിതാവിന്റെ വർഷം




*ബുള്ളറ്റിൻ 303* "ബലിഷ്ഠമായി പണിയപ്പെടുക." *2021 ആഗസ്റ്റ്*



*ആഗസ്റ്റ് മാസത്തെ ചർച്ചയും പ്രവർത്തനങ്ങളും*

**1. പുനർഗേഹ പദ്ധതി : ആശങ്കകൾ**

**2. പത്താം ക്ലാസ്സ്, പ്ലസ്സ് ടു പഠനത്തിനുശേഷമുള്ള മക്കളുടെ തുടർ വിദ്യാഭ്യാസത്തിനു അഡ്മിഷനിൽ ശ്രദ്ധാലുക്കളാകുക**

**3. കോവിഡ് നാളുകൾ തുടരുമ്പോൾ ഇടവകയിലും ബി.സി.സി. യിലും കുടുംബ ങ്ങൾക്കായി ചെയ്യാവുന്നത്.**

**വചനവായനയ്ക്ക് ആമുഖം :** ഉറച്ച അടിസ്ഥാനത്തിൽ ഭവനം നിർമിക്കുന്നവര ദൈവവചനം ശ്രവിച്ച് അതുപ്രവർത്തിക്കുന്നവരുമായി സാദൃശ്യപ്പെടുത്തുന്ന സന്ദേശം പ്രാർത്ഥനയും ചർച്ചയും ധ്യാനവുമാക്കാം. പാറപ്പുറത്തും മണലിലും ഭവനം നിർമിച്ച മനുഷ്യരുമായുള്ള താരതമ്യം തീരദേശത്ത് തുടങ്ങിയതും വ്യപകമാക്കാൻ ഗവൺമെന്റ് നടപടികളാരംഭിച്ചതുമായ പുനർഗേഹം ഭവനപദ്ധതിയിലേക്കു വെളിച്ചം വീശട്ടെ. വാക്കുകളും പദ്ധതികളും ബഡ്ജറ്റ് അവതരണങ്ങളും നടത്തി തീരദേശത്തെ ജനതയ്ക്ക് പ്രതീക്ഷമാത്രം നൽകി, അതിന്മേൽ അധികാരം പണിത ഭരണകർത്താക്കൾ കടലിടിയാൽ തകർന്നു വീഴുന്ന വീടുകളുടെ ഉത്തരവാദിത്വമേൽക്കുന്നതിനു പകരം തീരവാസിയെയും പ്രകൃതിയേയും പഴിചാരി അവരെ അരക്ഷിതാവസ്ഥയിലേക്കു കൊുപോകുന്നു. ഇവിടെ വചനം പറയുന്ന 'കേവലവാക്കുകൾ' അല്ല യഥാർത്ഥവും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതുമായ പ്രവർത്തനങ്ങളുാകണമെന്നു ഒരേസ്വരത്തിലാവശ്യപ്പെടാൻ തിരുവചന ചർച്ച സഹായകമാകട്ടെ.

**വചന വായന :** ലൂക്കാ 6 : 46-49 (**രുപേർ വായിക്കുന്നു. നിശബ്ദമായി ധ്യാനിച്ചതിനുശേഷം സ്വാധീനിച്ച** വാക്യം ഓരോരുത്തരായി പങ്കുവയ്ക്കുക - (എല്ലാവരും ഒരുപ്രാവശ്യം പങ്കുവയ്ക്കുന്നത് ഉചിതം)

**വചന വിശകലനം –** ലൂക്കാ 4: 46 തിരുവചനത്തിനു ആധാരമായ ചോദ്യം അടങ്ങിയ സുവിശേഷഭാഗമേത്? * ബലിഷ്ഠമയി പണിയപ്പെട്ട ഭവനത്തിന്റെ പ്രത്യേകതകൾ എന്ത്? * ഉറപ്പില്ലാത്ത തറമേൽ പണിത ഭവനത്തിനു എന്തു സംഭവിക്കുന്നു? മാറിമാറിവരുന്ന സർക്കാരുകളും ജനപ്രതിനിധികളും വാക്കുകളിലൂടെ തീരജനതയെ കബളിപ്പിച്ച് സുരക്ഷിതത്വം ഇല്ലാതാക്കി പുനർഗേഹത്തിലേക്ക് എത്തിച്ചത് എങ്ങിനെയെന്നു ചർച്ച ചെയ്യുക..

**ചർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും** : **1. പുനർഗേഹത്തിലെ യാഥാർത്ഥ്യം** : കടൽതീരത്ത് വേലിയേറ്റരേഖയിൽ നിന്നു കിഴക്കോട്ട് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ മാറ്റിപാർപ്പിക്കാൻ 2020ൽ കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവാണ് 'പുനർഗേഹ പദ്ധതി' പ്രഥമദൃഷ്ട്യാതന്നെ ഇത് തികച്ചും അശാസ്ത്രീയവും നീതിരഹിതവും മനുഷ്യമഹത്വത്തിനു നിരക്കാത്തതുമായ ഒരു പദ്ധതിയാണെന്ന് വ്യക്തമാകും. മാന്യമായ ഒരു പുനരധിവാസ പദ്ധതിയിൽ ഒഴിഞ്ഞുപോകേ സ്ഥലത്തിന്റെ വിസ്തൃതി എത്ര? അതിന്റെ മതിപ്പു വിലയെത്ര? അതിന്റെ എത്ര ഇരട്ടിയാണ് നഷ്ടപരിഹാരമായ നൽകുക? അവിടെയുള്ള വീടിനും മറ്റു നിർമ്മിതികൾക്കും എന്തുവിലമതിക്കും? അതിന്റെ എത്രമടങ്ങു നഷ്ടപരിഹാരം നൽകണം? എന്നു തുടങ്ങിയ വ്യവസ്ഥകൾ ഉാകും. ഉദാഹരണത്തിന് ഈയിടെ സർക്കാർ പ്രഖ്യാപിച്ച 'സിൽവർ ലൈൻ' റെയിൽവേ പദ്ധതിയുടെ പുനരധിവാസ പാക്കേജിൽ സ്ഥലത്തിന്റെ മതിപ്പുവിലയുടെ 4 ഇരട്ടി, നിർമ്മിതികളുടെ വിലയുടെ 2 ഇരട്ടി എന്നിങ്ങനെയാണ് വ്യവസ്ഥകൾ.

ഈ 10ലക്ഷം പദ്ധതിയുടെ തുടക്കം തീരത്തെ പുറമ്പോക്കുകളിലെ കുടിലുകൾ ഒഴിപ്പിക്കാൻ വേിയായിരുന്നു എന്ന കാര്യം ഇവിടെ സ്മരണീയമാണ്. 2015ൽ ശക്തമായ കടൽക്ഷോഭം ഉായപ്പോൾ വിഴിഞ്ഞം, വലിയതുറ,പൊന്നാനി, കാസർഗോഡ് തുടങ്ങിയ ഇടങ്ങളിലെ തീരത്തോടു ഏറ്റവും അടുത്ത 4 വരി കുടിലുകൾ പൊളിച്ചുമാറ്റുന്നതിനു കൊുവന്നതാണ് '10 ലക്ഷം' പദ്ധതി. ഈ കുടിലുകൾ ഏറിയ പങ്കും പുറമ്പോക്കിലുമായിരുന്നു.

**പുനർഗേഹ പദ്ധതി ഭരണഘടനാവിരുദ്ധം**

പൗരന്റെ സ്വത്തിനും ജീവനും സംരക്ഷണം നൽകുക ഭരണഘടന അനുശാസിക്കുന്ന സർക്കാർധർമം ആണ്.

പുനർഗേഹം ഉത്തരവിന്റെ 15-ാം ക്ലോസിൽ ഈ വലിയ ഉത്തരവാദിത്തത്തിൽ നിന്നു സർക്കാർ പിന്മാറുന്നതു വ്യക്തമാണ്: "വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടു മാറിതാമിക്കാൻ വിസമ്മിതിക്കുന്നവർക്ക് തുടർന്ന് കടൽക്ഷോഭംമൂലം ഭൂമിക്കും വീടിനുമുാകുന്ന നാശനഷ്ടങ്ങൾക്ക് യാതൊരുവിധ ധനസഹായത്തിനും അർഹത ഉായിരിക്കുന്നതല്ല." തീരദേശവാസികളെ ചെകുത്താനും കടലിനും മദ്ധ്യേനിർത്തി വിലപേശുന്ന ഒരു നടപടിയാണിത്.

ഈ ഉത്തരവ് "തീരനിയന്ത്രണ വിജ്ഞാപനം 2019" തീരവാസികൾക്കു കൊടുക്കുന്ന ഭവന നിർമാണ അവകാശം പോലും ലംഘിക്കുകയാണ്. 2019ൽ തീരനിയന്ത്രണ വിജ്ഞാപനം ക്ലോസ് 5.3.II എ യിൽ തീരവാസികൾക്കു 'വികസന നിരോധത മേഖല' (Non Develeopment Zone - NDZ)യിൽ പോലും (അതു 200 മീറ്ററായാലും 50 മീറ്ററായാലും) തീരവാസികൾക്കു വീടു നിർമിക്കുവാനും പുനർനിർമിക്കുവാനും അനുവാദം നൽകുന്നു. ഒരു നിബന്ധനയുള്ളത് അത്യാവശ്യം വേ സുരക്ഷിതത്വ നടപടികൾ ഉായിരിക്കണം എന്നതാണ്. ഇതാണു സർക്കാർ ചേയ്യേത്.

'തീരം തീരദേശവാസികൾക്ക്' എന്ന നീതിബോധവും പുനർഗേഹം പദ്ധതി നിരാകരിക്കുന്നു. വാസ്തവത്തിൽ 2019 ലെ തീരനിയന്ത്രണ വിജ്ഞാപനം ഈ നിതിബോധം അംഗീകരിക്കുന്നു്. ക്ലോസ് 9.iv.b യിൽ തീരപരിപാലനപരിധിയി (CRZ) ലുള്ള വീടുകൾ റെഗുലറൈസ് ചെയ്യുന്നതിനു വയ്ക്കുന്ന നിബന്ധന ആ വീടുകൾ പരമ്പരാഗത തീരദേശവാസികളല്ലാത്തവർക്കു കൈമാറ്റം ചെയ്തിട്ടില്ല എന്ന് ഉറപ്പിക്കണം എന്നതത്രേ.

അതിനാൽ, അത്യാവശ്യം വേ തീരസംരക്ഷണ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിയും, ശാശ്വതമായ സുരക്ഷിതത്വത്തിനു ദീർഘകാല പദ്ധതികൾ ഒരുക്കിയും ജനങ്ങൾക്ക് തീരത്തു സുരക്ഷിതമായി വസിക്കാനുള്ള സൗകര്യം ഉറപ്പുവരുത്തുകയാണു ആദ്യം ചെയ്യേത്. അല്ലാതെ, തീരത്തുനിന്ന് ജീവിതകാലം മുഴുവൻ അധ്വാനിച്ചുാക്കിയവ ഉപേക്ഷിച്ചിട്ട് നീതിയുടെയും മനുഷ്യത്വത്തിന്റെയും പൗരാവകാശത്തിന്റെയും മാനദണ്ഡങ്ങൾ പാലിക്കാതെയും ആത്മാഭിമാനത്തിനു ക്ഷതമേല്പിക്കുന്ന വിധത്തിലും നൽകുന്ന നഷ്ടപരിഹാരം വാങ്ങി പോകാനല്ല പറയേത്. അഥവാ ആരെങ്കിലും സ്വമനസ്സാ മാറിപ്പാർക്കാൻ തീരുമാനിച്ചാൽ തീരവാസിക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുന്ന പുനരധിവാസമാണ് നടപ്പാക്കേത്. അതിന് സർക്കാർ തയ്യാറാകുമെന്നു പ്രത്യാശിക്കാം.

കടലും തീരവും തീരവാസിക്കെന്ന്' പ്രകടനപത്രികയിൽ ഇരുമുന്നണികളും ഒരുപോലെ പ്രഖ്യാപിച്ച താണെങ്കിലും ആരെയൊക്കെയോ ഉപയോഗിച്ച് ജനങ്ങളെ തെറ്റിധരിപ്പിച്ച് പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്താൻ ചില ശ്രമങ്ങൾ നടക്കുന്നു്. അതിന്റെ ഭാഗമായി അപേക്ഷയിൽ ഒപ്പുവയ്പ്പിച്ച് ഈ പുനർഗേഹം പദ്ധതിയിൽ അംഗങ്ങളാക്കാനുള്ള ശ്രമവും നടക്കുന്നു്. മാറിപ്പാർക്കാൻ സ്വമനസ്സാലെ ആരെങ്കിലും ആഗ്രഹിക്കുന്നുങ്കിൽ നീതി ഉറപ്പാക്കാതെ ആരും അതിന് വശംവദരാകരുത്.

**ചർച്ച** : 1)' കാലങ്ങളായി ആവശ്യമായ സുരക്ഷിതത്വം നടപ്പിൽ വരുത്താതെ, കടലോരം ഭീഷണിയിലാണെന്ന ബോധ്യം ജനിപ്പിച്ച്, ഈ പദ്ധതിയിലൂടെ ജനങ്ങളെ മാറ്റുന്നത് ആരുടെയെല്ലാം താല്പര്യങ്ങൾ സംരക്ഷിക്കാൻ ആണ്.? (2) ഈ പദ്ധതിയിലൂടെ തീരവാസികൾക്ക് അർഹമായ നീതി നിഷേധിക്കുന്നതിനെതിരെ കടലോരത്തെ പ്രതിനിധികളും സംഘടനകളും നേതാക്കളും ഒരുമിച്ച് അണിചേരുവാനുള്ള നിർദ്ദേശങ്ങൾ?

**2. പത്താം ക്ലാസ്സ്,പ്ലസ്സു ടു പഠനത്തിനുശേഷമുള്ള മക്കളുടെ തുടർവിദ്യാഭ്യാസത്തിനു അഡ്മിഷനിൽ ശ്രദ്ധാലുക്കളാകുക.** :
ഇടവകയിലെ വിദ്യാഭ്യാസ സമിതിയും മതബോധന കേന്ദ്രവും സമുദായ സംഘടനകളും ഒരുമിച്ചുചേർന്നു ***ഹെൽപ്പ്ഡെസ്ക്***രൂപീകരിച്ച്, എല്ലാവർക്കും അർഹമായതും അനുയോജ്യമായതുമായ അഡ്മിഷൻ കരസ്ഥമാക്കാൻ തീരുമാനെടുക്കുക.

**3. കോവിഡ് പ്രതിസന്ധിയിൽ ഇടവകയിലും ബി.സി.സി. യിലും കുടുംബങ്ങൾക്കായി ചെയ്യാവുന്നത്.**
ബി.സി.സി.മതബോധനം, സംഘടനകൾ ഇവയുടെ ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി കോവിഡ് കാലയളവിനനുസൃതമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തി നടപ്പാക്കുക.

* **സ്വയം പ്രേരിത പ്രാർത്ഥന** തുടർന്ന് **സമാപന പ്രാർത്ഥന** * **മുൻ റിപ്പോർട്ട് വായനയും ശരിവയ്ക്കലും** * **അറിയിപ്പുകൾ** * **ബൈബിൾ വന്ദനം** (സ്പർശിക്കാതെയാക്കാം)

**അറിയിപ്പ്:** ഗവൺമെന്റിന്റെ വിവിധ ക്ഷേമ പദ്ധതികളും പിന്നാക്കവിഭാഗത്തിനായുള്ള സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും സ്വന്തമാക്കുന്നതിന് അപേക്ഷകൾ കൃത്യമായി. അർഹരായ എല്ലാവരും അയക്കുവാൻ നടപടികളെടുക്കുക.







Vox Sant' Andrea യിൽ
ജന്മദിനം വിവാഹവാർഷികം...തുടങ്ങിയ
വിശേഷ ദിവസങ്ങൾ ആശംസിക്കുവാനും
ഉറ്റവരുടെ മരണദിന അനുസ്മരണത്തിനായും
അവസരം ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ
ഈ നമ്പറിൽ ബന്ധപ്പെടുക 9539369147




"അർത്തുങ്കൽ വാഴും
വിശുദ്ധ സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കേണമേ"